# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മാണിക്കൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1075/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 30/06/2022
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മാണിക്കൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മാണിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാണിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1075/22 തീയ്യതി: 30/06/2022

## തിരുവനന്തപുരം ജില്ലയിലെ മാണിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ മാണിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 28-06-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ശ്രീജ.കെ | ഡെപ്യൂട്ടി ഡയറക്ടർ | 20-06-2022 | 28-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 20-06-2022 | 28-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.പ്രതാപ് കുമാർ. ആർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്)
ശ്രീ.അനിൽകുമാർ. ആർ, അസി. ഓഡിറ്റ് ഓഫീസർ
ശ്രീ.രാജു.എസ്, ഓഡിറ്റർ
ശ്രീമതി ആര്യാകൃഷ്ണൻ. എ. ആർ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി സുജാത എസ് | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| ശ്രീ. കുതിരകുളം ജയൻ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ പ്രേംശങ്കർ എസ് | സെക്രട്ടറി | 01-04-2020 | 22-10-2020 |
| ശ്രീ.പ്രവീൺ പി ഐ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 23-10-2020 | 05-11-2020 |
| ശ്രീ രാജേഷ് ജെ | സെക്രട്ടറി | 06-11-2020 | 09-02-2021 |
| ശ്രീ ജ്യോതിസ് വി | സെക്രട്ടറി | 09-02-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി പമീല വിമൽരാജ് | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി വനജകുമാരി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ പ്രവീൺ പി ഐ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ഡോ ഹീര ജ്യോതിസ് | മെഡിക്കൽ ഓഫീസർ (പി എച്ച് സി) | 01-04-2020 | 31-03-2021 |
| ഡോ ജ്യോതി എസ് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2020 | 31-03-2021 |
| ഡോ ആൻമേരി ജെയിംസ് | വെറ്റിനറി സർജൻ | 01-04-2020 | 15-07-2020 |
| ഡോ ലിജിത് കെ എം | വെറ്റിനറി സർജൻ | 16-07-2020 | 31-03-2021 |
| ശ്രീമതി ദീപ്തി ബി എൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീ.വിജയലാൽ എസ് | വി ഇ ഒ 2 | 01-04-2020 | 31-03-2021 |
| ശ്രീമതി സുമീറ | വി ഇ ഒ 3 | 01-04-2020 | 31-03-2021 |
| ശ്രീമതി രഞ്ജിത | വി ഇ ഒ 1 | 01-04-2020 | 24-01-2021 |
| ശ്രീ.രതീഷ് ആർ | വി ഇ ഒ 1 | 25-01-2021 | 31-03-2021 |
| ശ്രീ രാജേന്ദ്രകുമാർ സി വി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 19-06-2020 |
| ശ്രീമതി ഷീജ എം | അസിസ്റ്റന്റ് എഞ്ചിനീയർ | 20-06-2020 | 31-03-2021 |
| ശ്രീമതി സീന എൻ ഐ | ഹെഡ് മിസ്ട്രസ് | 01-04-2020 | 31-05-2020 |
| ശ്രീമതി സൗമിനി കെ എസ് | ഹെഡ് മിസ്ട്രസ് (ഇൻ ചാർജ്) | 01-06-2020 | 17-06-2020 |
| ശ്രീമതി സുലൈഖ എൻ എസ് | ഹെഡ് മിസ്ട്രസ് | 18-06-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Arya Krishnan A.R (Auditor, On 28-06-2022)<br>Last Updated By: Arya Krishnan A.R (Auditor, On 29-06-2022) | 1-1 |
| 2 | ബജറ്റ്- അപാകതകൾ<br>Written By: Arya Krishnan A.R (Auditor, On 28-06-2022)<br>Last Updated By: Arya Krishnan A.R (Auditor, On 29-06-2022) | 1-1-1 |
| 3 | വാർഷിക ധനകാര്യ പത്രിക<br>Written By: Arya Krishnan A.R (Auditor, On 28-06-2022)<br>Last Updated By: Arya Krishnan A.R (Auditor, On 28-06-2022) | 1-2 |
| 4 | വാർഷിക ധനകാര്യ പത്രിക- അപാകങ്ങൾ<br>Written By: Arya Krishnan A.R (Auditor, On 28-06-2022)<br>Last Updated By: Arya Krishnan A.R (Auditor, On 29-06-2022) | 1-2-1 |
| 5 | ഐ എൽ ജി എം എസ്- സാംഖ്യ എന്നിവയിലെ വ്യത്യാസം<br>Written By: Arya Krishnan A.R (Auditor, On 28-06-2022)<br>Last Updated By: THANUJA M.N. (Senior Grade Auditor, On 30-06-2022) | 1-2-2 |
| 6 | ഗ്രാന്റ് വിനിയോഗം<br>Written By: Arya Krishnan A.R (Auditor, On 28-06-2022)<br>Last Updated By: Arya Krishnan A.R (Auditor, On 29-06-2022) | 1-3 |
| 7 | പദ്ധതി അവലോകനം<br>Written By: Arya Krishnan A.R (Auditor, On 28-06-2022)<br>Last Updated By: THANUJA M.N. (Senior Grade Auditor, On 30-06-2022) | 1-4 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: Raju. S (Auditor, On 28-06-2022)<br>Last Updated By: Arya Krishnan A.R (Auditor, On 29-06-2022) | 1-5 |
| 9 | മരണശേഷം പെൻഷൻ വിതരണം ചെയ്യുന്നതിലൂടെ സർക്കാരിന് ധനനഷ്ടം<br>Written By: Raju. S (Auditor, On 27-06-2022)<br>Last Updated By: THANUJA M.N. (Senior Grade Auditor, On 30-06-2022) | 1-5-1 |
| 10 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Arya Krishnan A.R (Auditor, On 28-06-2022)<br>Last Updated By: Arya Krishnan A.R (Auditor, On 28-06-2022) | 1-6 |
| 11 | ആഭ്യന്തര നിയന്ത്രണം<br>Written By: Prathap Kumar R (Audit Officer (HG), On 28-06-2022)<br>Last Updated By: THANUJA M.N. (Senior Grade Auditor, On 30-06-2022) | 1-7 |
| 12 | തൊഴിലുറപ്പ് പദ്ധതി<br>Written By: AnilKumar R (Senior Grade Auditor, On 27-06-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 29-06-2022) | 1-8 |
| 13 | തൊഴിലുറപ്പ് പദ്ധതി- നിയമാനുസൃത നികുതികൾ കുറവ് ചെയ്തിട്ടില്ല<br>Written By: AnilKumar R (Senior Grade Auditor, On 27-06-2022)<br>Last Updated By: THANUJA M.N. (Senior Grade Auditor, On 30-06-2022) | 1-8-1 |
| 14 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Arya Krishnan A.R (Auditor, On 28-06-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 29-06-2022) | 1-9 |
| 15 | വസ്തു നികുതി- അപാകങ്ങൾ<br>Written By: Arya Krishnan A.R (Auditor, On 28-06-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 29-06-2022) | 1-10 |
| 16 | തൊഴിൽ നികുതി - അപാകങ്ങൾ<br>Written By: Arya Krishnan A.R (Auditor, On 28-06-2022)<br>Last Updated By: THANUJA M.N. (Senior Grade Auditor, On 30-06-2022) | 1-11 |
| 17 | ലൈസൻസ്- അപാകങ്ങൾ<br>Written By: Arya Krishnan A.R (Auditor, On 28-06-2022)<br>Last Updated By: Arya Krishnan A.R (Auditor, On 28-06-2022) | 1-12 |
| 18 | സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള കമ്പ്യൂട്ടറൈസ് ചെയ്ത പട്ടിക തയ്യാറാക്കി | 1-12-1 |

| | | |
|---|---|---|
| | സൂക്ഷിച്ചിട്ടില്ല<br>Written By: Arya Krishnan A.R (Auditor, On 28-06-2022)<br>Last Updated By: Arya Krishnan A.R (Auditor, On 30-06-2022) | |
| 19 | റേഷൻകടകളിൽ നിന്നും FTEAOS ലൈസൻസ്,തൊഴിൽ നികുതി എന്നിവ ഈടാക്കിയില്ല<br>Written By: Arya Krishnan A.R (Auditor, On 28-06-2022)<br>Last Updated By: THANUJA M.N. (Senior Grade Auditor, On 30-06-2022) | 1-12-2 |
| 20 | നിയമാനുസൃത മെഷീൻ ഫീസ് ഈടാക്കിയിട്ടില്ല<br>Written By: Arya Krishnan A.R (Auditor, On 29-06-2022)<br>Last Updated By: Arya Krishnan A.R (Auditor, On 29-06-2022) | 1-12-3 |
| 21 | ലൈഫ് ഭവനപദ്ധതി - ഭവന നിർമ്മാണംസമയബന്ധിതമായി പണിപൂർത്തിയാക്കുന്നില്ല.<br>Written By: Raju. S (Auditor, On 27-06-2022)<br>Last Updated By: THANUJA M.N. (Senior Grade Auditor, On 30-06-2022) | 1-13 |
| 22 | മുഴുവൻ തുകയ്ക്കും മരുന്ന് ലഭ്യമാക്കിയിട്ടില്ല 83955/-രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Raju. S (Auditor, On 27-06-2022)<br>Last Updated By: THANUJA M.N. (Senior Grade Auditor, On 30-06-2022) | 1-14 |
| 23 | പഞ്ചായത്ത് തല ദുരിതാശ്വാസ നിധിയുടെ പ്രവർത്തനം വിപുലീകരിക്കേണ്ടതാണ്.<br>Written By: Raju. S (Auditor, On 27-06-2022)<br>Last Updated By: THANUJA M.N. (Senior Grade Auditor, On 30-06-2022) | 1-15 |
| 24 | തുമ്പൂർ മൂഴി പദ്ധതി നാളിതുവരെ പ്രവർത്തനക്ഷമമായില്ല-തുടർ നടപടികൾ അനിവാര്യം<br>Written By: AnilKumar R (Senior Grade Auditor, On 27-06-2022)<br>Last Updated By: Reni L.S. (Computer Assistant, On 30-06-2022) | 1-16 |
| 25 | ടേക്ക് എ ബ്രേക്ക് പദ്ധതി നടപ്പിലായില്ല<br>Written By: AnilKumar R (Senior Grade Auditor, On 27-06-2022)<br>Last Updated By: Arya Krishnan A.R (Auditor, On 30-06-2022) | 1-17 |
| 26 | പ്രത്യേക കന്നുകുട്ടി പരിപാലനം- സ്കീമിൽ നിന്നും പുറത്തായ ഗുണഭോക്താക്കളുടെ വിഹിതം തിരികെ ഈടാക്കണം<br>Written By: AnilKumar R (Senior Grade Auditor, On 27-06-2022)<br>Last Updated By: Arya Krishnan A.R (Auditor, On 30-06-2022) | 1-18 |
| 27 | ആദായ നികുതി ഈടാക്കിയിട്ടില്ല<br>Written By: AnilKumar R (Senior Grade Auditor, On 27-06-2022)<br>Last Updated By: Arya Krishnan A.R (Auditor, On 30-06-2022) | 1-19 |
| 28 | രേഖകളുടെ അഭാവത്തിൽ തുക നൽകി 24000/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Raju. S (Auditor, On 28-06-2022)<br>Last Updated By: Reni L.S. (Computer Assistant, On 30-06-2022) | 1-20 |
| 29 | ലൈഫ് ഭവനപദ്ധതി -അനർഹർക്ക് നൽകിയ തുക തിരിച്ച് പിടിക്കേണ്ടതാണ്.<br>Written By: Raju. S (Auditor, On 27-06-2022)<br>Last Updated By: Arya Krishnan A.R (Auditor, On 30-06-2022) | 1-21 |
| 30 | തുടർ വിദ്യാഭ്യാസ പരിപാടി-കോഴ്സ് പൂർത്തിയാക്കിയ രേഖകൾ ഹാജരാക്കേണ്ടതാണ്<br>Written By: Raju. S (Auditor, On 27-06-2022)<br>Last Updated By: THANUJA M.N. (Senior Grade Auditor, On 30-06-2022) | 1-22 |
| 31 | വിവിധ വാർഡുകളിലെ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ-പദ്ധതി നിർവഹണത്തിലെ അപാകങ്ങൾ.<br>Written By: Prathap Kumar R (Audit Officer (HG), On 28-06-2022)<br>Last Updated By: Reni L.S. (Computer Assistant, On 30-06-2022) | 1-23 |
| 32 | തെരുവ് വിളക്ക് പരിപാലനം- പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ<br>Written By: Prathap Kumar R (Audit Officer (HG), On 28-06-2022)<br>Last Updated By: Arya Krishnan A.R (Auditor, On 30-06-2022) | 1-24 |
| 33 | ജലജീവൻ മിഷൻ -പഞ്ചായത്ത് വിഹിതം ഒടുക്കിയതിന്റെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 1-25 |

| | | |
|---|---|---|
| | Written By: Prathap Kumar R (Audit Officer (HG), On 28-06-2022)<br>Last Updated By: Arya Krishnan A.R (Auditor, On 30-06-2022) | |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Arya Krishnan A.R (Auditor, On 28-06-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 29-06-2022) | 4-1 |
| 2 | നിക്ഷേപ പ്രവർത്തികൾക്ക നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Arya Krishnan A.R (Auditor, On 28-06-2022)<br>Last Updated By: Reni L.S. (Computer Assistant, On 30-06-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Arya Krishnan A.R (Auditor, On 28-06-2022)<br>Last Updated By: Arya Krishnan A.R (Auditor, On 28-06-2022) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Arya Krishnan A.R (Auditor, On 28-06-2022)<br>Last Updated By: Reni L.S. (Computer Assistant, On 30-06-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപം<br>Written By: Arya Krishnan A.R (Auditor, On 28-06-2022)<br>Last Updated By: Arya Krishnan A.R (Auditor, On 28-06-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Arya Krishnan A.R (Auditor, On 28-06-2022)<br>Last Updated By: Arya Krishnan A.R (Auditor, On 28-06-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Arya Krishnan A.R (Auditor, On 28-06-2022)<br>Last Updated By: Arya Krishnan A.R (Auditor, On 28-06-2022) | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Arya Krishnan A.R (Auditor, On 28-06-2022)<br>Last Updated By: Arya Krishnan A.R (Auditor, On 28-06-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Arya Krishnan A.R (Auditor, On 28-06-2022)<br>Last Updated By: Reni L.S. (Computer Assistant, On 30-06-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം<br>Written By: Arya Krishnan A.R (Auditor, On 28-06-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 29-06-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2020-21 സാമ്പത്തിക വർഷത്തെ ബജറ്റ് 23.3.2020ലെ 1/1 നം. തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരം ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പെടെ) 354356871/- രൂപയും ആകെ ചെലവ് 352632598/- രൂപയും നീക്കിയിരിപ്പ് 1724273/-രൂപയുമാണ്.

### 1-1-1 ബജറ്റ്- അപാകതകൾ

2020-21 സാമ്പത്തിക വർഷത്തെ ബജറ്റുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1.കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 214 (1) പ്രകാരം ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനവരി 15-ാം തീയതിക്ക് മുമ്പായി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്മാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് തയ്യാറാക്കേണ്ടതും അതു ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്. എന്നാൽ, അപ്രകാരം ബജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

2.കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 214(5) , 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ടസ് ) ചട്ടങ്ങൾ 72 പ്രകാരം ബജറ്റിൽ നിർദ്ദേശിച്ചിട്ടില്ലാത്തതോ ബജറ്റിൽ നിർദ്ദേശിച്ചതിൽ കൂടുതലോ ആയ ചെലവ് ചെയ്യേണ്ടി വരികയാണെങ്കിൽ അത്തരം ചെലവു ചെയ്യുന്നതിനായി അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ പഞ്ചായത്ത് അംഗീകരിക്കേണ്ടതാണ്.അടുത്ത വർഷത്തെ ബജറ്റിനോടൊപ്പം തന്നാണ്ടിൽ ബജറ്റിൽ വകയിരുത്താത്ത തുകകൾ ചെലവു ചെയ്യുന്നതിനുള്ള അനുമതി നൽകുന്നത് പുതുക്കിയ ബജറ്റായി കണക്കാക്കുവാൻ പാടില്ല. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2021-22 വർഷത്തെ ബജറ്റ് അംഗീകരിക്കുന്നതിനോടൊപ്പമാണ് 2020-21 വർഷത്തെ ബജറ്റ് റിവൈസ് ചെയ്തിരിക്കുന്നത്.

3.2020-21 വർഷത്തെ പരിഷ്കരിച്ച ബജറ്റ് 15.02.2021 തീയതിയിലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അംഗീകരിച്ചതായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് പ്രാകരം 303645502/- രൂപയുടെ വരവും, 315035545/- രൂപയുടെ ചെലവും, 1776328/- രൂപയുടെ നീക്കിയിരിപ്പും ഉൾപ്പെട്ട പരിഷ്കരിച്ച ബജറ്റ്, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. 18.02.2021 തീയതിയിലെ 1/1-ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം 15.02.2021 തീയതിയിലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ എല്ലാ തീരുമാനങ്ങളും അംഗീകരിച്ചതായി രേഖപ്പെടുത്തലുണ്ട്. എന്നാൽ, പരിഷ്കരിച്ച ബജറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.12/ 23.06.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-2 വാർഷിക ധനകാര്യ പത്രിക

| വാർഷിക ധനകാര്യ പത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 15.06.2022 |

### 1-2-1 വാർഷിക ധനകാര്യ പത്രിക- അപാകങ്ങൾ

2020-21 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1.2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിൻ മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

2.ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും (18260277/-), മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി രേഖപ്പെടുത്തിയിരിക്കുന്ന തുകയും (-24147961/-) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

3.കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിൽ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാന്റ് സംബന്ധിച്ചും ഡിമാന്റുകളിലും അഡ്ജസ്റ്റുമെന്റിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും പ്രതിമാസ സമ്മറി സെക്രട്ടറി തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ഇനങ്ങളുടേയും പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. അപ്രകാരം ഡിമാന്റ് ചെയ്തിട്ടുള്ളതിന്റെ വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.10/22.06.2022) പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി തയ്യാറാക്കിയിട്ടില്ലായെന്ന് മറുപടി ലഭ്യമാക്കി.

4.B-17 ൽ ഉൾപ്പെടുത്തിയിരിക്കുന്ന ചുവടെ ചേർക്കുന്ന അക്കൗണ്ടുകളുടെ ബാങ്ക് ബുക്ക്, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | അക്കൗണ്ട് | ബി-17 പ്രകാരമുള്ള ബാലൻസ് |
|---|---|---|
| 1 | UBI- LITERACY-444702010006255 | 35822 |
| 2 | UBI- 444702010008162 | 4888 |

ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.10/22.06.2022) മറുപടിയായി ബാങ്ക് ബുക്ക്, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്ന് അറിയിച്ചുവെങ്കിലും ആയതിൽ മേൽ പരാമർശിച്ച അക്കൗണ്ടുകളുടെ വിവരങ്ങൾ ഉൾപ്പെട്ടിട്ടില്ല.

5.2019-20 വർഷത്തെ വാർഷിക ധനകാര്യ പത്രിക B-4 Schedule പ്രകാരം ചെലവഴിക്കാതെ അവശേഷിച്ച തുകകൾ 2020-21 വർഷവും ചെലവഴിക്കാതെ അവശേഷിക്കുന്നു.

| ഹെഡ് കോഡ് | ഗ്രാന്റ് | തുക |
|---|---|---|
| 320100197 | Literacy Scheme Grant | 34215 |
| 320700205 | Contributions For Joint Venture Projects (For Rev. Exp.-from District Panchayat | 7500 |
| 320700404 | Contributions For Other Specific Purposes (For Rev. Exp.)-from Block Panchayat | 615601 |
| 320700405 | Contributions For Other Specific Purposes (For Rev. Exp.)- From District Panchayat | 472264 |
| 320800101 | Beneficiary Contributions | 55050 |

6.2020-21 വർഷത്തെ B-4 പ്രകാരം ഗ്രാന്റ് തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു.

| ഹെഡ് കോഡ് | ഗ്രാന്റ് | തുക |
|---|---|---|
| 320100194 | Library Grant | 62720 |
| 320100196 | ICDS | 1802846 |
| 320100198 | Grant From Suchitwa Mission | 3684482 |
| 320300102 | Grants, Funds & Contributions For Specific Purposes- Other Govt Agencies-Jalanidhi | 102726 |
| 320300199 | Grants, Funds & Contributions For Specific Purposes- Other Govt Agencies | 5250640 |
| 320400199 | Grants, Funds & Contributions For Specific Purposes- Other Financial Institutions | 200000 |
| 320700204 | Contributions For Joint Venture Projects (For Rev Exp)- From Block Panchayat | 961425 |
| 320900101 | Donations To CMDRF | 56408 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.10/22.06.2022) തുകകൾ വരും വർഷങ്ങളിൽ ചെലവ് പ്രതീക്ഷിക്കുന്ന ഇനങ്ങളാണെന്ന് അറിയിച്ചു.

7.B-4 പ്രകാരം Joint Venture Project നീക്കിയിരിപ്പ് ഇനത്തിൽ 2056790/- രൂപ നിലനിൽക്കുന്നു. എന്നാൽ, B-17 ലെ 450210201- Joint Venture A/c- 799011400001863 പ്രകാരമുള്ള നീക്കിയിരിപ്പ് 1000000/- രൂപയാണ്. 1056790/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.10/22.06.2022) Joint Venture A/c- 799011400001863 പ്രകാരമുള്ള നീക്കിയിരിപ്പ് 1000000/- രൂപയാണ് എന്ന് അറിയിച്ചു. എന്നാൽ, വ്യത്യാസം നിലനിൽക്കുന്ന തുക ഏത് അക്കൗണ്ടിലാണ് സൂക്ഷിച്ചിരിക്കുന്നത് എന്നത് സംബന്ധിച്ച വിവരം ലഭ്യമാക്കിയിട്ടില്ല.

8.മുൻകൂർ ഇനത്തിലെ തുകകളുടെ മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ പൊരുത്തപ്പെടുന്നില്ല.

| ഇനം | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള നീക്കിയിരിപ്പ് |
|---|---|---|---|---|---|
| Tour Travelling Allowance Advance | 1000 | 0 | 0 | 1000 | 0 |
| Advance To Other Authorized Agencies | 1090667 | 0 | 0 | 1090667 | 0 |

| | | | | | |
|---|---|---|---|---|---|
| Advance To Implementing Officers | 389588 | 121715 | 440 | 268313 | 304847 |
| Other Deposits | 23508 | 0 | 0 | 23508 | 0 |

ആവശ്യമായ തുടർനടപടികൾ സ്വീകരിച്ച് മറുപടി ലഭ്യമാക്കുന്നതാണ് എന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.10/22.06.2022) മറുപടി ലഭ്യമാക്കി.

9.കളക്ഷൻ രജിസ്റ്ററിലെ തുകകളും വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|---|
| Professional Tax- Employees | AFS | 1856850 | 1810400* | - |
| | Register | 1856850 | 1856850 | |
| Lease Of Land (Arrear) | AFS | 42318 | 0 | 42318 |
| | Register | 7009 | 4272 | 2737 |
| Lease Of Land (Current) | AFS | 41640 | 14062 | 27578 |
| | Register | 41640 | 41640 | 0 |
| Rent On Buildings (Arrear) | AFS | 79472 | 66540 | 12932 |
| | Register | 83144 | 83144 | 0 |
| Rent On Buildings (Current) | AFS | 391400 | 383547 | 7853 |
| | Register | 412500 | 391400 | 21100 |
| Rent From Auditoriums And Halls | AFS | 13100 | 13100 | 0 |
| | Register | 13000 | 13000 | 0 |

* രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ തൊഴിൽ നികുതി കളക്ഷൻ തുക 48900/- രൂപയാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.10/22.06.2022)

ലഭ്യമാക്കിയ മറുപടിയിൽ രജിസ്റ്ററിലെ രേഖപ്പെടുത്തലിൽ വന്ന പിശക് ശരിയാക്കുന്നതാണെന്ന് അറിയിച്ചു.

10.ലഭ്യമാക്കിയ Loan Register, Advance Register എന്നിവയിൽ 2020-21 വർഷത്തെ രേഖപ്പെടുത്തലില്ല. ആയതിനാൽ ലോൺ, അഡ്വാൻസ് എന്നീ ഇനങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം-10/22.06.2022-ന് ലഭ്യമാക്കിയ മറുപടി പരിഗണിച്ചതിനു ശേഷം അവശേഷിക്കുന്ന പരാമർശങ്ങളാണ് നിലനിർത്തിയിട്ടുള്ളത്.

## 1-2-2 ഐ എൽ ജി എം എസ്- സാംഖ്യ എന്നിവയിലെ വ്യത്യാസം

05.10.2020 ൽ പഞ്ചായത്ത് ILGMS എന്ന പുതിയ Software യിലേയ്ക്ക് മാറിയ സാഹചര്യത്തിൽ അതിന്റെ അടിസ്ഥാനത്തിലുള്ള വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.ഒരേ അക്കൗണ്ട് ഹെഡിന് സാംഖ്യയിലും ഐ എൽ ജി എം എസ്-ലും വെവ്വേറെ ഇനം രേഖപ്പെടുത്തിയിരിക്കുന്നു.

| Account Head | Sankhya | ILGMS |
|---|---|---|
| 150120103 | Sales Of Scrap | Receipts From Auction Of Obsolete Assets |
| 140130199 | Fees For Other Certificates Or Extracts | Fee For Extracts As Per RTI Act |

2.ഒരേ ഇനത്തിലെ സാംഖ്യയിലെ അക്കൗണ്ട് ഹെഡ് ഐ എൽ ജി എം എസ്-ലേതുമായി വ്യത്യാസപ്പെട്ടിരിക്കുന്നു.

| | Sankhya Acount Head | ILGMS Account Head |
|---|---|---|
| Fee For Extracts As Per RTI Act | 140130104 | 140130119 |
| Donations Related To Pandemic/ Epidemic Control | 160100901 | 160100768 |
| Restoration Charges For Road Cutting | 140700101 | 140500209 |
| ICDS | 320100121 | 320100196 |
| NREGA | 320100101 | 320100128 |

| | | |
|---|---|---|
| Literacy Scheme Grant | 320200309 | 320100197 |
| Grants From Suchitwa Mission | 320200322 | 320100198 |

3.സാംഖ്യയിലേയും ഐ എൽ ജി എം എസ്-ലേയും RP ഷെഡ്യൂളുകളിൽ വ്യത്യാസം.

| Schedule | Sankhya | ILGMS |
|---|---|---|
| Secured Loans | RP- 32 | RP- 31 |
| Deposits Received | RP- 34 | RP- 33 |
| Sundry Debtors (Receivables) | RP- 43 | RP- 45 |
| Establishment Expenses | RP- 11 | RP- 12 |
| Administrative Expenses | RP- 12 | RP- 13 |
| Prior Period Item | RP- 26 | RP- 25 |
| Loans, Advances & Deposits | RP- 47 | RP- 49 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.23/ 25.06.2022) ലഭ്യമാക്കിയ മറുപടിയിൽ സാംഖ്യ, ഐ എൽ ജി എം എസ് സംയോജിപ്പിച്ചതിന്റെ ഫലമായി ചെയ്ത പി ഡി ഇ സാങ്കേതിക വിദ്യ ഐ കെ എം മുഖാന്തിരം ലഭ്യമായിട്ടുള്ളതും ഹെഡുകൾ നിശ്ചയിച്ചിട്ടുള്ളത് പ്രസ്തുത സോഫ്റ്റ്‌വെയർ വിന്യാസത്തിൽ ഉൾപ്പെട്ടവയാണെന്നും മേൽ പരാമർശിച്ച സാങ്കേതിക പ്രശ്നങ്ങൾ ഐ കെ എം-ന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണെന്നും അറിയിച്ചു.

ILGMS-മായി ബന്ധപ്പെട്ട അപാകങ്ങളുടെ സംക്ഷിപ്തം .

പഞ്ചായത്തിന്റെ നിലവിൽ സാംഖ്യാ സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിരുന്ന വാർഷിക ധനകാര്യ പത്രിക 05.10.2020 തീയതി മുതൽ ILGMS എന്ന ഇന്റഗ്രേറ്റഡ് സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിരിക്കുകയാണ്. ഇന്റഗ്രേഷൻ നടത്തിയ തീയതിയിലെ CB-യും ILGMS-ൽ പ്രവേശിച്ച തീയതിയിലെ OB-യും (ട്രയൽ ബാലൻസ്) വിവിധ അക്കൗണ്ട് ഹെഡുകളുടെ പൊരുത്തവും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

1. 2019-20 ബാലൻസ് ഷീറ്റിലെ വിവിധ ക്ലോസിംഗ് ബാലൻസുകൾ തൻവർഷത്തെ ട്രയൽ ബാലൻസിൽ ഓപ്പണിംഗ് ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

2. വിവിധ അക്കൗണ്ട് ഹെഡുകൾ പൊരുത്തപ്പെടുന്നില്ല. 2019-20 ൽ സാംഖ്യയിൽ നിലവിൽ ഉണ്ടായിരുന്ന ഹെഡുകൾ പലതും 2020-21 ൽ വ്യത്യാസപ്പെട്ടിരിക്കുന്നു. കൂടാതെ RP പ്രകാരം ചെലവിനങ്ങളുടെ ഹെഡുകളിലും ഹെഡുകൾ കൂടി ചേർത്തിട്ടുണ്ട്.

3. ഹെഡുകൾ പലതായി തരംതിരിക്കപ്പെട്ടിരിക്കുന്നു.

ഉദാ :- 2019-20 ലെ AFS പ്രകാരം B11 Fixed Assets എന്നത് -

B11 (C) Capital Expenses Production Sector

B11 (D) Capital Expenses Service Sector

B11 (E) Capital Expenses Infrastructure Sector

എന്നിങ്ങനെ മൂന്ന് സബ് ഷെഡ്യൂളുകളായി തിരിച്ചിരിക്കുന്നു. തുകകൾ പൊരുത്തപ്പെടുത്തുന്ന റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

4. 2019-20 B9 ഷെഡ്യൂളിൽ 320160999 എന്ന Head (Other Liabilities) B4-ലേക്ക് മാറിയിട്ടുണ്ട്. കാരണം വിശദീകരിച്ചിട്ടില്ല.

5. 2019-20 B17 ഷെഡ്യൂളിൽ വ്യത്യസ്ത Account Head-കളിൽ നിലനിന്നിരുന്ന ബാങ്ക് അക്കൗണ്ടുകൾ 2020-21-ലെ AFS-ൽ അക്കൗണ്ട് ഹെഡുകൾ മാറുകയും വ്യത്യസ്ത അക്കൗണ്ട് ഹെഡുകളിൽ നിലനിന്നിരുന്ന തുകകൾ ട്രയൽ ബാലൻസിൽ ഒരുമിച്ചും ബാലൻസ് ഷീറ്റിൽ ഒരേ ഹെഡിൽ തന്നെ പ്രത്യേകം സബ്ഹെഡുകളായി കാണിച്ചിരിക്കുന്നു. ആകെ തുക വ്യത്യാസപ്പെടുന്നില്ല.

6. 2019-20 ൽ നിലനിന്നിരുന്ന പല അക്കൗണ്ട് ഹെഡുകളും 2020-21ൽ വ്യത്യാസപ്പെടുകയോ കൂട്ടിച്ചേർക്കപ്പെടുകയോ ചെയ്തിട്ടുണ്ട്.

അക്കൗണ്ട് ഹെഡുകളുമായി ബന്ധപ്പെട്ട മേൽപ്പറഞ്ഞ പൊരുത്തക്കേടുകൾ സ്ഥാപനത്തിന്റെ വാർഷിക ധനകാര്യ പത്രികയുടെ കൃത്യവും പൂർണവുമായ ഓഡിറ്റിന് തടസ്സമായിട്ടുണ്ട്. ഇ-സബ്മിറ്റ് ചെയ്യപ്പെട്ട അക്കൗണ്ട്സും ILGMS-ന്റെ Auditor Login-ൽ ലഭ്യമായ അക്കൗണ്ട്സും മുൻ വർഷത്തെ സാംഖ്യ അക്കൗണ്ട്സുമായി പൊരുത്തപ്പെടുത്തേണ്ടതാണ്. ഇക്കാര്യത്തിൽ IKM, ഭരണ വകുപ്പ് എന്നിവരിൽ നിന്നും നിർദ്ദേശങ്ങൾ തേടി പരിഹരിച്ച് ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-3 ഗ്രാന്റ് വിനിയോഗം

1.വിവിധ ഫണ്ടുകളുടെ വിനിയോഗം ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു. ഇതിൽ വികസനഫണ്ട്(ജനറൽ), വികസന ഫണ്ട്- എസ് സി പി, വികസന ഫണ്ട്- ടി എസ് പി, മെയിന്റനൻസ് ഫണ്ട്- നോൺ റോഡ് എന്നിവയുടെ നീക്കിയിരിപ്പ് എ.സി.ആർ പ്രകാരമുള്ള നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല.

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് | എ സി ആർ പ്രകാരമുള്ള നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | 0 | 18112111 | 23796835 | -5684724 | 76790 |
| വികസന ഫണ്ട്- എസ് സി പി | 0 | 9451608 | 10728968 | -1277360 | 465032 |
| വികസന ഫണ്ട്- ടി എസ് പി | 0 | 329239 | 289627 | 39612 | 54239 |
| സി എഫ് സി - റൈഡ് | 0 | 9300000 | 7301350 | 1998650 | 1998650 |
| സി എഫ് സി - അൺറൈഡ് | 0 | 18571110 | 16101389 | 2469721 | 2469721 |
| മെയിന്റനൻസ് ഫണ്ട്- നോൺ റോഡ് | 0 | 7768622 | 7372461 | 396161 | 475539 |
| മെയിന്റനൻസ് ഫണ്ട്- റോഡ് | 0 | 11483000 | 11028130 | 454870 | 454870 |
| SSS | 0 | 0 | 6847164 | -6847164 | |
| CSS | 0 | 0 | 2169404 | -2169404 | - |

2.ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, സർക്കാർ ഉത്തരവ് എന്നിവയിലെ വരവ് തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ഗ്രാന്റ് | സർക്കാർ ഉത്തരവ് പ്രകാരമുള്ള വരവ് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് |
|---|---|---|
| വികസന ഫണ്ട്- ജനറൽ | 21374875 | 18112111 |
| വികസന ഫണ്ട്- എസ് സി പി | 11194000 | 9451608 |
| വികസന ഫണ്ട്- ടി എസ് പി | 343866 | 329239 |
| മെയിന്റനൻസ് ഫണ്ട്- നോൺ റോഡ് | 7848000 | 7768622 |

3. CSS, SSS എന്നിവയുടെ വരവ് വിശദാംശങ്ങൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

4. സർക്കാർ ഉത്തരവ് 79/2021/ധന തീയതി 15.07.2021 പ്രകാരമുള്ള ക്യാരി ഓവർ, സ ഉ (സാധാ) നം.2247/2021/ധന തീയതി 12.03.2021 പ്രകാരമുള്ള അധിക വിഹിതം എന്നിവ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.02/ 21.06.2022) മറുപടിയായി, സ.ഉ (സാധാ) നം. 2904/2021 തീയതി 25.03.2021 പ്രകാരം പൊതുവിഭാഗത്തിൽ 2652625/- രൂപയും, റ്റി എസ് പി ഇനത്തിൽ 36500/- രൂപയും അധിക വിഹിതമായി ലഭ്യമായതായി അറിയിച്ചു.

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് കൃത്യതയോടെ തയ്യാറാക്കാൻ തുടർവർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

2020-21 ൽ ഗ്രാമ പഞ്ചായത്തിൽ പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (ഗുണഭോക്തൃവിഹിതം ഒഴികെ) | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് (ഗുണഭോക്തൃവിഹിതം ഒഴികെ) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 218 | 182332895 | 179 | 100559209 | - | 39 | 82.11% |

## 1-5 ക്ഷേമപദ്ധതികൾ

2020-21 വർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 213840 | 303 |
| കർഷകതൊഴിലാളി പെൻഷൻ | 5057100 | 326 |
| വിധവ പെൻഷൻ | 29945100 | 1977 |
| വാർദ്ധക്യകാലപെൻഷൻ | 60735700 | 3880 |
| വികലാംഗപെൻഷൻ | 7282100 | 488 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 557600 | 39 |

| | | |
|---|---|---|
| വിവാഹധനസഹായം | 120000 | 4 |

## 1-5-1 മരണശേഷം പെൻഷൻ വിതരണം ചെയ്യുന്നതിലൂടെ സർക്കാരിന് ധനനഷ്ടം

മരണമടഞ്ഞതിന് ശേഷവും വ്യക്തികൾക്ക് വിവിധ തരം ക്ഷേമ പെൻഷനുകൾ വിതരണം ചെയ്യുതിലൂടെ സർക്കാരിന് ഭീമമായ തുകയുടെ നഷ്ടം സംഭവിക്കുന്നു. പെൻഷൻ വാങ്ങുന്ന വ്യക്തിയുടെ മരണ വിവരം ബന്ധപ്പെട്ട സോഫ്റ്റ്‌വെയറിൽ യഥാസമയം ഉൾപ്പെടുത്താത്തതാണ് ഇതിനുള്ള കാരണം. ഇതു സംബന്ധിച്ച് സേവന സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമായ വിവരങ്ങളിൽ നിന്നും ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പേര് | പെൻഷൻ ഐ .ഡി | ആധാർ നം. | മരണ തീയതി | നിലവിലെ സ്ഥിതി |
|---|---|---|---|---|
| അബ്ദുൾ റസാക്ക് | 102540203369 | 939064157500 | 14.12.2020 | ആക്ടീവ് |
| ചക്കി | 102540200650 | 551634270099 | 25-12-2020 | ആക്ടീവ് |
| രാഘവൻപിള്ള വി. | 102540100542 | 102540100542 | 23-12-2020 | ആക്ടീവ് |

സ.ഉ (പി) 97/20/ധന തീയതി: 23.09.2020, ധനകാര്യ വകുപ്പിന്റെ 26.07.2018 ലെ 69/18 നം. സർക്കുലർ എന്നിവ പ്രകാരം മരണപ്പെട്ടവരുടെയും പുനർവിവാഹം ചെയ്ത വിധവ പെൻഷൻ കൈപ്പറ്റുന്നവരുടെയും വിവരങ്ങൾ അങ്കണവാടി വർക്കർമാരുടെയും ആശാ വർക്കർമാരുടെയും സഹായത്തോടെ ശേഖരിച്ച് അതതു മാസം തന്നെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കുന്നതിന് സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണ ശേഷവും മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കാൻ പ്രസ്തുത സർക്കുലറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ അപാകതയ്ക്കു കാരണം ആരാഞ്ഞുകൊണ്ട് നൽകിയ അന്വേഷണകുറിപ്പ് 20 /25.06.22- ന് ലഭ്യമാക്കിയ മറുപടിയിൽ മരണശേഷം റദ്ദ് ചെയ്യാത്തവരുടെ പെൻഷൻ റദ്ദ് ചെയ്യുന്നതിനും വിതരണചെയ്യാത്ത പെൻഷൻ വിതരണം ചെയ്യാതിരിക്കുന്നതിന് ബാങ്കുകൾക്ക് കത്ത് നൽകിയതായും അറിയിച്ചു.മരണശേഷം എത്ര തുകയാണോ ഗുണഭോക്താവിന് വേണ്ടി ബാങ്കിൽ നൽകിയത് പ്രസ്തുത തുക ബാങ്കിൽ നിന്നും ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച് 3 മാസത്തിനകം തിരികെ അടവാക്കാത്ത പക്ഷം പ്രസ്തുത തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ബാധ്യതയായി മാറുന്നതാണ്. മരണമടഞ്ഞ വ്യക്തികളുടെയും അനർഹരായവരുടെയും പെൻഷൻ അതതുസമയം നിർത്തൽ ചെയ്യുന്നതിലൂടെ സർക്കാർ ധനത്തിന്റെ അതിവ്യയം നിയന്ത്രിക്കാൻ കഴിയുന്നതാണ്. അധികമായി നൽകിയ തുക സംബന്ധിച്ച തുടർ നടപടി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-6 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25/06/2022 -ാം തീയതി രാവിലെ 11:30 മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1444/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ രജിസ്റ്ററുകളുടെയും റെക്കോർഡുകളുടെയും പരിപാലനം പൊതുവെ തൃപ്തികരമാണ്. എന്നാൽ, വൈദ്യുതി ചാർജ്ജ്, വെള്ളക്കരം എന്നിവയുടെ ഒടുക്ക് വിവരങ്ങൾ ബന്ധപ്പെട്ട രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുന്നില്ല. ഓഫീസ് ജോലി വിഭജനം രേഖാമൂലം നിർദ്ദേശിക്കുകയും, ഫ്രണ്ട് ഓഫീസ് കാര്യക്ഷമമായി പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്. പൊതുജനങ്ങളിൽ നിന്ന് ലഭിക്കുന്ന പരാതികൾ, വിവരാവകാശ അപേക്ഷകൾ എന്നിവ രജിസ്റ്ററിൽ രേഖപ്പെടുത്തി വരുന്നുണ്ട്. എന്നാൽ, വിവരാവകാശ അപേക്ഷകളിൽ സമയബന്ധിതമായി മറുപടി നൽകുന്നതിൽ വീഴ്ചകൾ സംഭവിച്ചതായി കാണുന്നു.

## 1-8 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ* | 892367 | 1769345 | 2661712 | 1848062** | 1000 |
| ഗുണഭോക്താക്കാൾക്ക് നേരിട്ട് നൽകുന്നത് | 0 | 75870000 | 75870000 | 75870000 | 0 |
| ആകെ | 892367 | 77639345 | 78531712 | 77718062 | 1000 |

* 100 ദിനം പൂർത്തിയാക്കിയ ഗുണഭോക്താക്കാൾക്ക് ഇൻസെന്റീവ് നൽകിയ 16000/- രൂപ ഉൾപ്പെടെയുള്ള വരവ് ചെലവ് കണക്കുകളാണ് വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

**30.03.21,31.03.21 എന്നീ തീയതികളിൽ റീ്ക്യപ്പ് ചെയ്ത തുകയായ 812650/- രൂപ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

## 1-8-1 തൊഴിലുറപ്പ് പദ്ധതി- നിയമാനുസൃത നികുതികൾ കുറവ് ചെയ്തിട്ടില്ല

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾക്കാവശ്യമായ സാധനങ്ങൾ ടെൻഡർ ക്ഷണിച്ച് കരാറുകാരിൽ നിന്നും വാങ്ങിയിരുന്നു. 2017-ലെ സെൻട്രൽ ഗുഡ്സ് ആൻഡ് സർവ്വീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs-ന്റെ 13.09.2018-ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018-ലെ സർക്കുലർ നമ്പർ 65/39/2018-DOR എന്നിവ പ്രകാരം 2,50,000/-രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. 30.07.2019-ലെ എം.ജി.എൻ.ആർ.ഇ.ജി.എസ് മിഷൻ ഡയറക്ടറുടെ 957/ഇ.ജി.എസ്-സി/16/ആർ.ഇ.ജി.എസ് നമ്പർ കത്ത് പ്രകാരം ജി.എസ്.ടി തുക ഉറവിടത്തിൽ നിന്നും കുറവ് ചെയ്യുന്നതിന് എം.ഐ.എസ്-ൽ സൗകര്യം ലഭിക്കുന്നതുവരെ അന്തിമ ബിൽ പ്രകാരമുള്ള ജി.എസ്.ടി തുക വെണ്ടർ/സപ്ലയർ ഗ്രാമപഞ്ചായത്തിൽ നേരിട്ട് ഒടുക്കുമെന്ന് ഉറപ്പാക്കി ബിൽ സെറ്റിൽ ചെയ്യാവുന്നതാണ്. എന്നാൽ, പഞ്ചായത്ത് തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പിലാക്കിയ പ്രവൃത്തികളിൽ സാധനങ്ങൾ വാങ്ങിയ വകയിൽ 2.5 ലക്ഷം രൂപയ്ക്കു മുകളിൽ ഉള്ള പേമെന്റുകൾ നടത്തുമ്പോൾ ജി.എസ്.ടി തുക കുറവ് ചെയ്ത് അടച്ചിട്ടില്ല. കൂടാതെ 1961-ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000/-രൂപയിൽ കൂടുതൽ പേമെന്റ് നടത്തുമ്പോൾ 1% തുക സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതുണ്ട്. 21.03.2013 GO(P)3/2013/SPD 12.29 പ്രകാരവും നിയമപ്രകാരമുള്ള ഡിഡക്ഷനുകൾ നടത്തണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | വെണ്ടർ/സപ്ലൈയർ | നൽകിയ തുക | ഈടാക്കേണ്ടിയിരുന്ന ജി.എസ്.ടി തുക |
|---|---|---|---|
| വലിയവീട്ടിൽ മാമ്പഴമഠം റോഡ് കോൺക്രീറ്റ് | വിശ്വംഭരൻ.എസ് | 312630 | 6252 |
| പുളിക്കക്കോണം ഇലവുങ്ങൾ റോഡ് കോൺക്രീറ്റ് | ജയകുമാർ.എസ് | 377450 | 7549 |
| കല്ലിടാന്തി പാലം റോഡ് കോൺക്രീറ്റ് | സുരേഷ്കുമാർ.ആർ | 388270 | 7765 |
| മേലേക്കോട് വിളയിൽ റോഡ് കോൺക്രീറ്റ് | സൂഫിയാൻ.എ | 388742 | 7774 |
| മണ്ണാംവിള പുളിക്കക്കോണം റോഡ് കോൺക്രീറ്റ് | ജയകുമാർ.എസ് | 391175 | 7823 |
| തെന്നൂർ പടിക്കെട്ട്റോഡ് കോൺക്രീറ്റ് | സൂഫിയാൻ.എ | 386742 | 7734 |
| നന്നാട്ട് ക്കാവ് പ്രള്ളശ്ശേരി റോഡ് കോൺക്രീറ്റ് | ജയകുമാർ.എസ് | 386610 | 7732 |
| മൊട്ടക്കാവ് കരക്കകം അഞ്ചേക്കർ റോഡ് കോൺക്രീറ്റ് | രഘുനാഥൻ നായർ.ആർ | 376010 | 7520 |
| പാൽ സൊസൈറ്റി ഇടയ്ക്കോണം റോഡ് കോൺക്രീറ്റ് | സുരേഷ്കുമാർ.ആർ | 386270 | 7725 |
| കീഴാമലയ്ക്കൽ ക്ഷേത്രം മുതൽ കാരോട്ട് നട റോഡ് കോൺക്രീറ്റ് | സൂഫിയാൻ.എ | 386080 | 7721 |
| പാറയ്ക്കൽ എൻ.എസ്.എസ് റോഡ് കോൺക്രീറ്റ് | സൂഫിയാൻ.എ | 307297 | 6145 |
| ആലിയോട് അമ്പലം കൊച്ചുകണ്ണമത്ത് റോഡ് കോൺക്രീറ്റ് | വിശ്വംഭരൻ.എസ് | 363810 | 7276 |
| പുത്തരിപൊയ്ക മൺറോഡ് കോൺക്രീറ്റ് | സുരേഷ്കുമാർ.ആർ | 382550 | 7651 |
| പഴിഞ്ഞിക്കോണം മുതൽ കുന്നിക്കോട് വരമ്പ് റോഡ് കോൺക്രീറ്റ് | വിശ്വംഭരൻ.എസ് | 367215 | 7344 |
| മൂലയംമുതൽ വലിയ കട്ടയ്ക്കാൽ വരെ റോഡ് കോൺക്രീറ്റ് | സൂഫിയാൻ.എ | 386610 | 7732 |
| തോക്കാക്കുഴി മുക്കാല തലയൽ റോഡ് കോൺക്രീറ്റ് | സുരേഷ്കുമാർ.ആർ | 388270 | 7765 |
| കരിക്കകം കുന്നിൻപുറം റോഡ് കോൺക്രീറ്റ് | ജയകുമാർ.എസ് | 384423 | 7688 |
| നീർക്കോട്ടുകോണം മംഗലത്ത് നട റോഡ് കോൺക്രീറ്റ് | വിശ്വംഭരൻ.എസ് | 368530 | 7370 |
| കെ.കെ പാറ റോഡ് കോൺക്രീറ്റ് | ഗൗരി ഏജൻസീസ് പുരുഷോത്തമൻ നായർ.എസ് | 387080 | 7741 |
| ക്രിസ്ത്യൻ ക്വാർട്ടേഴ്സ് നടപ്പാത കോൺക്രീറ്റ് | വിശ്വംഭരൻ.എസ് | 262076 | 5241 |

പ്രസ്തുത അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം-24/2022-ന് മറുപടിയായി വിതരണക്കാരിൽ നിന്നും തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിക്കുകയുണ്ടായി. മേൽ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 29.03.2022 | 01.01.2022 മുതൽ 29.03.2022 വരെ | 29.03.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27.01.2017 | 2011-12 മുതൽ 2015-16 വരെ | 11.07.2017 |

## 1-10 വസ്തു നികുതി- അപാകങ്ങൾ

2020-21 സാമ്പത്തിക വർഷത്തെ വസ്തു നികുതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1.സഞ്ചയയിൽ കുറഞ്ഞ നിരക്കിലുള്ള ഉപയോഗ ക്രമത്തിലുൾപ്പെടുത്തി വസ്തുനികുതി കണക്കാക്കി

100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് 30/-രൂപ നിരക്കിലും, 100 ചതുരശ്ര മീറ്ററിന് മുകളിലുള്ളവയ്ക്ക് 50/-രൂപ നിരക്കിലും വസ്തുനികുതി കണക്കാക്കാനാണ് ഭരണസമിതി അംഗീകരിച്ചിട്ടുള്ളത്. എന്നാൽ 100ച.മീ-ന് മുകളിൽ തറവിസ്തീർണ്ണമുള്ള വാണിജ്യസ്ഥാപനങ്ങളെ തെറ്റായ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തിയത് വഴി വസ്തുനികുതി കണക്കാക്കിയതിൽ കുറവ് വന്നിട്ടുണ്ട്.

ഉദാ. സഞ്ചയ സോഫ്റ്റ്‌വെയറിൽ 4-ാം വാർഡിലെ വിശദാംശം പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന ചുവടെ ചേർക്കുന്ന കെട്ടിടങ്ങളെ '100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ' എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി 30/-രൂപ നിരക്കിലാണ് അടിസ്ഥാന വസ്തുനികുതി കണക്കാക്കിയിരിക്കുന്നത്.

| കെട്ടിട നമ്പർ | ഉടമസ്ഥൻ | ഉപയോഗ ക്രമം | തറവിസ്തീർണ്ണം | 30/-രൂപ നിരക്കിൽ കണക്കാക്കിയ അടിസ്ഥാന വസ്തു നികുതി | 50/-രൂപ നിരക്കിൽ ഈടാക്കേണ്ടിയിരുന്ന അടിസ്ഥാന വസ്തു നികുതി | അടിസ്ഥാന വസ്തു നികുതി കണക്കാക്കിയതിൽ കുറവ് |
|---|---|---|---|---|---|---|
| 4/ 13 A | രവീന്ദ്രൻ നായർ | ഷോപ്പുകൾ | താഴത്തെ നില 175.37 ച മീ | 5261.1 | 8768.5 | 3507.4 |
| 4/ 13 B | രവീന്ദ്രൻ നായർ | ഷോപ്പുകൾ | താഴത്തെ നില 175.37 ച മീ | 5261.1 | 8768.5 | 3507.4 |
| 4/ 13 C | രവീന്ദ്രൻ നായർ | ഷോപ്പുകൾ | ഒന്നാം നില 268.84 ച മീ | 8065.2 | 13442 | 5376.8 |

2.U/A രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ കെട്ടിടങ്ങളും സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തി നികുതി നിർണയം നടത്തിയിട്ടില്ല.

| വാർഡ് നം. | രജിസ്റ്റർ പ്രകാരം അനധികൃത കെട്ടിടങ്ങൾ | സഞ്ചയ പ്രകാരമുള്ള അനധികൃത കെട്ടിടങ്ങൾ |
|---|---|---|
| I | 1 | - |
| V | 2 | - |
| XII | 1 | - |

3.മൊബൈൽ ടവറുകളിൽ നിന്ന് വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്.

| കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | വസ്തുനികുതി കുടിശ്ശിക വർഷം | സഞ്ചയ പ്രകാരമുള്ള ഡിമാന്റ് തുക |
|---|---|---|---|
| 10/ 852 B | TVS, India Telecom Ltd | 2012 ആദ്യ പകുതി മുതൽ 2021 രണ്ടാം പകുതി | 145755 |
| 14/ 182 A | BSNL Bhavan TVM | 2013 ആദ്യ പകുതി മുതൽ 2021 രണ്ടാം പകുതി | 74880 |
| 16/ 68 A | BSNL Bhavan TVM | 2013 ആദ്യ പകുതി മുതൽ 2021 രണ്ടാം പകുതി | 64805 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.25/ 27.06.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ഉടർ നടപടികൾ സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-11 തൊഴിൽ നികുതി - അപാകങ്ങൾ

പഞ്ചായത്തിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങളിലെ മേധാവികൾ സമർപ്പിച്ച വരുമാന പത്രികകളിലും തൊഴിൽനികുതി രജിസ്റ്ററിലും കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1.സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 204 പ്രകാരം ഗ്രാമപഞ്ചായത്തിന് അതിന്റെ അധികാര പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് ഓരോ അർദ്ധ വർഷവും വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി,സ്ഥാപന നികുതി എന്നിവ ഈടാക്കുന്നതിന് അധികാരമുണ്ട്. എന്നാൽ, 2020-21 സാമ്പത്തിക വർഷം ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതി ഈടാക്കിയിട്ടില്ല.

- മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ്, വെമ്പായം
- സെന്റ് ജോൺസ് ഡയബറ്റിക് സെന്റർ
- ഡി ഡി ആർ സി എസ് ആർ എൽ ഡയഗ്നോസ്റ്റിക്സ് സെന്റർ
- മുത്തൂറ്റ് ഫിൻകോർപ്പ്, കന്യാകുളങ്ങര
- കെ എൽ എം ആക്സീവാ ഫിൻവെസ്റ്റ് ലിമിറ്റഡ്, വെമ്പായം

2. തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

തൊഴിൽ നികുതി ഈടാക്കുന്നതിൽ 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. കമ്പനികളുടെയും വ്യക്തികളേയും അർദ്ധവാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കാവുന്ന പരമാവധി തൊഴിൽ നികുതി, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ ചട്ടം 3 പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ, ചുവടെ ചേർക്കുന്ന ജീവനക്കാരിൽ നിന്നും ചട്ടപ്രകാരമല്ല തൊഴിൽ നികുതി ഈടാക്കിയിരിക്കുന്നത്.

| സ്ഥാപനത്തിന്റെ പേര് | പേര് | അർദ്ധവാർഷിക വരുമാനം | ഈടാക്കേണ്ട തുക | ഈടാക്കിയ തുക | കുറവ് വന്ന തുക |
|---|---|---|---|---|---|
| സാമൂഹികാരോഗ്യ കേന്ദ്രം, കന്യാകുളങ്ങര NHM Staff | അഷിത, ഫിസിയോതെറാപ്പിസ്റ്റ് | 126000 | 1250 | 1000 | 250 |
| | അശ്വതി, സ്റ്റാഫ് നേഴ്സ് | 102000 | 1000 | 300 | 700 |
| | അസീന.എസ്, സ്റ്റാഫ് നേഴ്സ് | 102000 | 1000 | 300 | 700 |
| സാമൂഹികാരോഗ്യ കേന്ദ്രം, കന്യാകുളങ്ങര | സുധ.സി, HA Gr II | 136000 | 1250 | 1000 | 250 |
| | സുപ്രഭ.എൻ, HA Gr II | 128800 | 1250 | 1000 | 250 |
| | ജാനു.എം.ജി, HA Gr II | 128800 | 1250 | 1000 | 250 |

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.16/ 25.06.2022) ലഭ്യമാക്കിയ മറുപടിയിൽ തുക ഈടാക്കുന്നതിന് സ്ഥാപനങ്ങൾക്ക് കത്ത് നൽകിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-12 ലൈസൻസ്- അപാകങ്ങൾ

2020-2021 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

### 1-12-1 സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള കമ്പ്യൂട്ടറൈസ് ചെയ്ത പട്ടിക തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല

ഗ്രാമപഞ്ചായത്ത് സ.ഉ(സാധാ) നം. 2511/2017/തസ്വഭവ തീയതി 22.07.2017പ്രകാരം സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള കമ്പ്യൂട്ടറൈസ് ചെയ്ത പട്ടിക തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ വാണിജ്യസ്ഥാപനങ്ങൾക്കും നിയമവിധേയമായ വ്യവസ്ഥകൾക്കനുസൃതമായി യഥാസമയം ലൈസൻസ് നൽകുന്നതുവഴി പരിസ്ഥിതി ആരോഗ്യ സംരക്ഷണത്തിനും പഞ്ചായത്തിന്റെ തനത് ഫണ്ടിലേയ്ക്ക് ധനം എത്താനും ആയത് പഞ്ചായത്തിന്റെ വികസനപ്രക്രിയയ്ക്ക് ആക്കം കൂട്ടുന്നതിനും സഹായമാകുന്നതാണ്. ഓരോ വർഷവും വാർഡ് തലത്തിൽ ഫീൽഡ് തല പരിശോധന നടത്തി വാർഡ് തല ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി വാണിജ്യസ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2020-2021 ൽ ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി തയ്യാറാക്കിയിട്ടില്ല. ലൈസൻസ് എടുക്കുവാൻ വേണ്ടി പഞ്ചായത്തിൽ അപേക്ഷ നൽകുന്നവർക്ക് മാത്രമാണ് ലൈസൻസ് നൽകി വരുന്നത്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.21/25.06.2022) ലഭ്യമാക്കിയ മറുപടിയിൽ ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കുന്നതാണെന്ന് അറിയിച്ചു. ലൈസൻസ് ഇല്ലാതെ ഒരു സ്ഥാപനവും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പാക്കേണ്ടതും, അപ്രകാരം തനത് ഫണ്ടിന്റെ വരുമാന നഷ്ടത്തിന് കാരണമാകുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

### 1-12-2 റേഷൻകടകളിൽ നിന്നും FTEAOS ലൈസൻസ്,തൊഴിൽ നികുതി എന്നിവ ഈടാക്കിയില്ല

കേരളാ സിവിൽ സപ്ലൈസ് കമ്മീഷണറുടെ 22-01-2019-ലെ (സി.എസ്).എ-9-764/19 ഉത്തരവ് പ്രകാരം റേഷൻ ചില്ലറ വ്യാപാരികൾ ലൈസൻസ് ഫീസും, തൊഴിൽ നികുതിയും അടയ്ക്കണമെന്ന് നിഷ്കർഷിക്കുന്നതിനാലും, കേരള പഞ്ചായത്ത് രാജ്

നിയമം വകുപ്പ് 232 പ്രകാരം ലൈസൻസ് കൂടാതെ പഞ്ചായത്തിലെ സ്ഥലം ഏതൊരു ആവശ്യത്തിനും ഉപയോഗിക്കാൻ പാടില്ലായെന്നതിനാലും റേഷൻ കടകളിൽ നിന്നും ലൈസൻസ്, തൊഴിൽ നികുതി എന്നിവ ഈടാക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിലെ റേഷൻ കടകളുടെ എണ്ണം, ആയതിൽ ലൈസൻസ് എടുക്കാത്തതിന്റെ എണ്ണം എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.21/25.06.2022) ലഭ്യമാക്കിയ മറുപടിയിൽ പഞ്ചായത്ത് പരിധിയിൽ 18 റേഷൻ കടകൾ ഉണ്ടെന്നും എല്ലാ സാമ്പത്തിക വർഷവും ലൈസൻസ് എടുക്കുന്നതിനും സ്ഥാപന നികുതി അടയ്ക്കുന്നതിനും നോട്ടീസ് നൽകാറുണ്ടെങ്കിലും ലൈസൻസ് എടുക്കാറില്ലായെന്ന് അറിയിച്ചു. മേൽ ഉത്തരവ് പ്രകാരം റേഷൻ കടകളിൽ നിന്നും FTEAOS ലൈസൻസ് ഫീസും, തൊഴിൽ നികുതിയും ഡിമാൻഡ് നോട്ടീസ് നൽകി, ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം കൂട്ടുവാൻ വേണ്ടി ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി അവശ്യം വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

## 1-12-3 നിയമാനുസൃത മെഷീൻ ഫീസ് ഈടാക്കിയിട്ടില്ല

1996- ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 18,19, പട്ടിക 3 എന്നിവ പ്രകാരം യന്ത്രത്തിന്റെ കുതിരശക്തിയ്ക്ക് അനുസരിച്ച് മെഷീൻ ഫീസ് ഈടാക്കേണ്ടതാണ്. എന്നാൽ, ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും നിയമാനുസൃതമായ മെഷീൻ ഫീസ് ഈടാക്കിയിട്ടില്ല.

| സ്ഥാപനത്തിന്റെ പേര് | ലൈസൻസ് അനുവദിച്ച കാലാവധി | യന്ത്രത്തിന്റെ കുതിരശക്തി | ഈടാക്കേണ്ട ഫീസ് |
|---|---|---|---|
| വി കെ എൽ ഇൻഫ്രാസ്ട്രക്ച്ചർ പ്രോഡക്ട് (പി) ലിമിറ്റഡ്, മദപുരം, കുതിരകുളം പി ഒ | 01.04.2020- 31.03.2025 | 1030 HP | 10300/-<br>10300*5=<br>51500/- |
| അൽഹലാഹ് മെറ്റൽ ക്രഷർ, മണ്ഡപം, വെമ്പായം | 01.04.2020- 31.03.2022 | 1203.5 HP | 12035/-<br>12035*2=<br>24070/- |
| മുഹമ്മദ് അസ്ഹർ, റൈസ് & ഓയിൽ മില്ല് | 2020-21 | 15 HP | 200/- |
| സുബൈർ കുഞ്ഞ്, ഫ്ലവർമിൽ | 2020-21 | 17.85 HP | 200/- |
| അബ്ദുൾ സമദ്, ഹോളോബ്രിക്സ് | 2020-21 | 9 HP | 100/- |
| ഗോകുലം സാമിൽ | 2020-21 | 38 HP | 400/- |
| ശ്രീജ റൈസ് & ഫ്ലവർ മിൽ | 2020-21 | 7.5 HP | 100/- |
| അമ്മുക്കുട്ടി ഫ്ലവർമിൽ & സ്റ്റേഷനറി | 2020-21 | 10 HP | 100/- |
| ശാന്തിഗിരി ആയുർവേദ & സിദ്ധ വൈദ്യശാല | 2020-21 | 280 HP | 2800/- |
| അബ്ദുൾ റഷീദ്, ഫ്ലവർമിൽ | 2020-21 | 10 HP | 100/- |
| പാറയിൽ ഹോളോബ്രിക്സ് | 2020-21 | 7.6 HP | 100/- |
| സൗപർണ്ണിക ഓയിൽ & ഫ്ലവർമിൽ | 2020-21 | 15 HP | 200/- |

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.21/ 25.06.2022) ലൈസൻസ് ഫീസിനോടൊപ്പം മോട്ടോർ റണ്ണിംഗ് ഫീസും അധിക ഫീസായി ഒരാളിൽ നിന്ന് ഈടാക്കുവാൻ ചട്ടത്തിൽ വ്യവസ്ഥയില്ലാത്തത് കൊണ്ടാണ് പഞ്ചായത്ത്, രണ്ട് ലൈസൻസ് ഫീസ് ഒരാളിൽ നിന്ന് ഈടാക്കാത്തത് എന്ന് അറിയിച്ചു. പ്രസ്തുത മറുപടി അംഗീകരിക്കത്തക്കതല്ല. നിയമാനുസൃത ഫീസ് ഈടാക്കുന്നതിനു വേണ്ട തുടർനടപടി സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-13 ലൈഫ് ഭവനപദ്ധതി - ഭവന നിർമ്മാണംസമയബന്ധിതമായി പണിപൂർത്തിയാക്കുന്നില്ല.

ലൈഫ് ഗുണഭോക്താവും നിർവഹണോദ്യോഗസ്ഥനും തമ്മിൽ ഏർപ്പെടുന്ന കരാർ പ്രകാരം ധനസഹായം കൈപ്പറ്റുന്ന ഗുണഭോക്താവ് ആദ്യ ഗഡു സ്വീകരിച്ചശേഷം ആറ് മാസത്തിനകം ഭവനനിർമ്മാണം പൂർത്തിയാക്കുന്നതാണെന്ന് സമ്മതിച്ചിട്ടുണ്ട്. ലൈഫ് ഭവനപദ്ധതിപ്രകാരം 2018-ൽ കരാറിൽ ഏർപ്പെട്ട് ആദ്യഗഡുവായ 40000/-രൂപ കൈപ്പറ്റിയശേഷം നാളിതുവരെ ഭവനനിർമ്മാണം പൂർത്തിയാക്കാത്തവരുടെ വിശദവിവരം ലഭ്യമാക്കാൻ നൽകിയ അന്വേഷണകുറിപ്പ് 13/22- നൽകിയ മറുപടിയിൽ ലഭ്യമാക്കിയ വിവരം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | കരാറിൽ ഏർപ്പെട്ട തിയതി | ആദ്യഗഡു സ്ഥീകരിച്ച തിയതി | നിലവിലെ സ്ഥിതി |
|---|---|---|---|
| സുനിത.എസ്. | 10-7-2018 | 29-10-2018 | 30-5-2022-ൽ Basement പൂർത്തീകരിച്ചു. |

| | | | |
|---|---|---|---|
| സരോജിനി | 12-7-2018 | 20-11-2019(1ലക്ഷം രൂപ കൈപ്പറ്റി) | ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല. |
| മനോചിത്ര,കെ.വി. | ലഭ്യമാക്കിയില്ല | ലഭ്യമാക്കിയില്ല | പൂർത്തീകരിച്ചിട്ടില്ല. |
| സതി | 7-7-2018 | 29-11-2018 | 360000/-രൂപ കൈപ്പറ്റിയെങ്കിലും ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. |

ഗുണഭോക്താക്കൾ കരാർ പ്രകാരം ഭവനനിർമ്മാണം പൂർത്തിയാക്കാൻ ആവശ്യമായ നടപടി ഗ്രാമപഞ്ചായത്ത് തലത്തിൽ സ്വീകരിച്ച് ഭവനനിർമ്മാണം പൂർത്തിയാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 മുഴവൻ തുകയ്ക്കും മരുന്ന് ലഭ്യമാക്കിയിട്ടില്ല 83955/-രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ 16/21 (സാന്ത്വനപരിചരണം-പാലിയേറ്റീവ് കെയർ)

അടങ്കൽ- 1100000/-

ചെലവ്- 1080663/-

നിർവഹണം- മെഡിക്കൽ ആഫീസർ(പി എച്ച് സി)

പദ്ധതിയുടെ ഭാഗമായി 500000/-രൂപ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് 23-6-2020-ലെ UTR ബിൽ 94 പ്രകാരം നിർവഹണോദ്യോഗസ്ഥനായ മെഡിക്കൽ ആഫീസർ(പി എച്ച് സി) നൽകി. എന്നാൽ നാളിതുവരെ 416045/- രൂപയുടെ മരുന്ന് മാത്രമെ ലഭ്യമായിട്ടുള്ളു. 83955/-രൂപയുടെ മരുന്ന് ലഭ്യമാക്കാത്തതിനുള്ള വിശദീകരണം ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പ് 14/22-ന് മറുപടി ലഭ്യമാക്കിയില്ല. 23-6-2020-ൽ 500000/-രൂപ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകിയിട്ടും നാളിതുവരെ മുഴവൻ തുകയ്ക്കും മരുന്ന് ലഭ്യമാക്കാത്തത് നീതികരിയ്ക്കാവുന്നതല്ലാത്തതിനാൽ 83955/-രൂപ തടസ്സപ്പെടുത്തുന്നു. മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും ഇൻവോയിസ് പ്രകാരം ലഭിക്കാനുള്ള മുഴവൻ മരുന്നും ലഭ്യമാക്കാൻ ആരോഗ്യകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയും ഭരണസമിതിയും അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. 83955/-രൂപയുടെ മരുന്ന് ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 പഞ്ചായത്ത് തല ദുരിതാശ്വാസ നിധിയുടെ പ്രവർത്തനം വിപുലീകരിക്കേണ്ടതാണ്.

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ 3-ാം ചട്ടപ്രകാരം പേമാരി, വെള്ളപ്പൊക്കം, മാറാരോഗങ്ങൾ തുടങ്ങിയവയ്ക്ക് വിധേയരാവുന്നവർക്ക് അടിയന്തരധനസഹായം നൽകുന്നതിന് ഓരോ ഗ്രാമപഞ്ചായത്തും ഓരോ പ്രമേയം മൂലം ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കേണ്ടതാണ്.ധനശേഖരണാടിസ്ഥനത്തിലുള്ള കലാ-കായിക-വിനോദ പരിപാടികൾ സംഘടിപ്പിച്ചും വ്യക്തികൾ,സംഘടനകൾ, സ്ഥാപനങ്ങൾ എന്നിയിൽനിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസനിധി രൂപീകരിക്കുന്നതിനാവശ്യമായ ധനം സ്വരൂപിക്കാവുന്നതാണ്. നിധിയുടെ വരവ്- ചെലവുകൾ കൈകാര്യം ചെയ്യുന്നതിനായി ഒരു ദേശസാൽകൃത ബാങ്കിൽ അല്ലെങ്കിൽ സഹകരണബാങ്കിൽ സെക്രട്ടറിയുടെ പേരിൽ ഒരു ബാങ്ക് അക്കൗണ്ട് തുടങ്ങേണ്ടതും, ലഭിക്കുന്ന സംഭാവനകൾക്ക് അച്ചടിച്ച ഫാറത്തിലുള്ള രസീതുകൾ നൽകേണ്ടതുമാണ്. 2019-20, 2020-2021 വർഷങ്ങളിലെ വാർഷികധനകാര്യപത്രികകളിൽ പഞ്ചായത്ത് തല ദുരിതാശ്വാസ നിധിയിൽ 4888/-രൂപ ബാലൻസ് ഉള്ളതായി കാണുന്നു. ദുരിതാശ്വാസ നിധിയിൽ 2020-21-ൽ വരവും ചെലവും ഇല്ലാത്തതിനുള്ള വിശദീകരണം ബാങ്ക് പാസ് ബുക്ക് സഹിതം ഓഡിറ്റിന് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പ് 11/2022-ന് നൽകിയ മറുപടിയിൽ തുടർനടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. ഗ്രാമപഞ്ചായത്ത് പരിധിയിൽ താമസിക്കുന്ന നിർധനരായ ജനങ്ങൾക്ക് ദുരിതകാലത്ത് കൈത്താങ്ങായി മാറുന്ന ദുരിതാശ്വാസനിധിയിലേയ്ക്ക് പൊതുജനങ്ങളിൽ നിന്നും സംഭാവന സ്വീകരിച്ചും മറ്റ് മാർഗങ്ങൾ വഴിയും ധന സമാഹരണം നടത്തി ഏറ്റവും അർഹർക്ക് വേണ്ടസമയത്ത് ധനസഹായം എത്തിയ്ക്കാൻ ഭരണസമിതി ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-16 തുമ്പൂർ മൂഴി പദ്ധതി നാളിതുവരെ പ്രവർത്തനക്ഷമമായില്ല-തുടർ നടപടികൾ അനിവാര്യം

പ്രോജക്ട് നമ്പർ- 194/21 (കന്യാകുളങ്ങര മാർക്കറ്റിൽ തുമ്പൂർമൂഴി പ്ലാന്റ് നിർമ്മാണം)

അടങ്കൽ- 400000/- (സംസ്ഥാനാവിഷ്കൃത ഫണ്ട്)

ചെലവ്- 383480/-

നിർവ്വഹണം- അസിസ്റ്റന്റ് എഞ്ചിനീയർ

കന്യാകുളങ്ങര മാർക്കറ്റിലെ മാലിന്യസംസ്കരണം ലക്ഷ്യമിട്ട് 2020-21 സാമ്പത്തിക വർഷം 383480/- രൂപ ചെലവഴിച്ച് നിർമ്മിച്ച തുമ്പൂർ മൂഴി പ്ലാന്റ് നാളിതുവരെ പ്രവർത്തനക്ഷമമായില്ല.18.02.2021-ലെ 4(2) പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം ടി യൂണിറ്റ് പ്രവർത്തിക്കുന്നതിനായി ഹരിത കർമ്മസേനയെ ചുമതലപ്പെടുത്തുന്നതിന് മീറ്റിംഗ് വിളിച്ച് കൂട്ടാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തിയതായി കാണുന്നു. എന്നാൽ ഇത് സംബന്ധിച്ച് തുടർ നടപടികളൊന്നും ഉണ്ടായതായികാണുന്നില്ല. 25.06.2022 പഞ്ചായത്ത് ഓവർസിയറുടെ സാന്നിധ്യത്തിൽ ഓഡിറ്റ് ടീം നടത്തിയസ്ഥല പരിശോധനയിൽ തുമ്പൂർ മൂഴി നാളിതുവരെ പ്രവർത്തനം തുടങ്ങിയിട്ടില്ലായെന്ന് ബോധ്യപ്പെട്ടു.ഇതുമായി ബന്ധപ്പെട്ട് 25.06.2022-ൽ നൽകിയ 22-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ടി യൂണിറ്റ് ഉടൻ തുറന്ന് പ്രവർത്തിപ്പിക്കുന്നതാണെന്ന് അറിയിക്കുകയുണ്ടായി.കന്യാകുളങ്ങര മാർക്കറ്റിലെ മാലിന്യസംസ്കരണം ലക്ഷ്യമിട്ട് 2020-21 സാമ്പത്തിക വർഷം 383480/- രൂപ ചെലവഴിച്ച് നിർമ്മിച്ച തുമ്പൂർ മൂഴി പ്ലാന്റ് നാളിതുവരെ പ്രവർത്തനക്ഷമമാകാതെ നിഷ്ക്രിയ ആസ്തിയായി തുടരുന്നു.ആയത് പ്രവർത്തനക്ഷമമാക്കി മാലിന്യസംസ്കരണം ഫലപ്രദമാക്കുന്നതിന് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 1-17 ടേക്ക് എ ബ്രേക്ക് പദ്ധതി നടപ്പിലായില്ല

സ്ത്രീകൾക്കും യാത്രക്കാർക്കും ഉപയോഗിക്കാൻ സാധിക്കുന്ന തരത്തിൽ വൃത്തിയും ശുചിത്വവും സുരക്ഷിതത്വവുമുള്ള പൊതു ശുചി മുറികൾ 2020-21 വാർഷിക പദ്ധതിയിലുൾപ്പെടുത്തി നിർമ്മിക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. (സഉ (സാധാ) നമ്പർ 139/2020 ത.സ്വ.ഭ.വ തീയതി 06.032020, സർക്കുലർ നമ്പർ ഡി.ബി-5/507/11/സി.ഇ/എൽ.എസ്.ജി.ഡി തീ-24.09.2020). ഇതുപ്രകാരം 29.09.2020-ലെ 5(1) ലെ കമ്മിറ്റി തീരുമാനപ്രകാരം ടേക്ക് എ ബ്രേക്ക് പ്രീമിയം ടോയ്‌ലറ്റ് വെമ്പായം കവലയിലും, 16.10.2020ലെ 5(3)-ാം തീരുമാനപ്രകാരം ടോയ്‌ലറ്റ് കന്യാകുളങ്ങര മാർക്കറ്റിലും നിർമ്മിക്കുവാൻ തീരുമാനമെടുക്കുകയും 2020-21 സാമ്പത്തിക വർഷം 221/21-ാം നമ്പർ പ്രോജക്ട് പ്രകാരം 1851504/- രൂപ അടങ്കൽ തുക വകയിരുത്തി പദ്ധതി വിഭാവനം ചെയ്തിരുന്നുവെങ്കിലും നാളിതുവരെ നടപ്പിലായിട്ടില്ല. സ്ത്രീകൾക്കും, യാത്രക്കാർക്കും പ്രയോജനകരമാകുന്ന തരത്തിൽ പദ്ധതി നടപ്പിലാക്കുന്നതിന് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 1-18 പ്രത്യേക കന്നുകുട്ടി പരിപാലനം- സ്കീമിൽ നിന്നും പുറത്തായ ഗുണഭോക്താക്കളുടെ വിഹിതം തിരികെ ഈടാക്കണം

പ്രോജക്ട് നമ്പർ- 32/21 (പ്രത്യേക കന്നുക്കുട്ടി പരിപാലനം)
അടങ്കൽ- 1600000/-
ചെലവ്- 800000/-
നിർവ്വഹണം- വെറ്റിനറി സർജൻ

പ്രത്യേക കന്നുകുട്ടി പരിപാലനത്തിനായി തൻവർഷം പഞ്ചായത്ത് വിഹിതമായി 800000/- രൂപ മൃഗസംരക്ഷണവകുപ്പിന് കൈമാറിയിട്ടുണ്ട്. മൃഗസംരക്ഷണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ വിനിയോഗ സാക്ഷ്യപത്രം പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതി ആരംഭിച്ച വർഷം | കൈമാറിയ തുക | പദ്ധതിയിലുൾപ്പെടുത്തിയ ഗുണഭോക്താക്കളുടെ എണ്ണം | പദ്ധതി കാലയളവിനുള്ളിൽ സ്കീമിൽ നിന്നും പുറത്തായ ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക | ചെലവഴിക്കാൻ വകുപ്പിന്റെ കൈവശം അവശേഷിക്കുന്ന തുക | പദ്ധതി പൂർത്തീകരിച്ച തീയതി |
|---|---|---|---|---|---|---|
| 2020-21 | 800000 | 64 | 3 | 514595 | 285405 | പദ്ധതി തുടരുന്നു |

അപാകത സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.15/ 21.06.2022) നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.
പദ്ധതിയിൽ നിന്നും പുറത്തായ ഗുണഭോക്താക്കളുടെ പഞ്ചായത്ത് വിഹിതമിനത്തിലെ തുക തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ ചെലവഴിക്കാതെ ജില്ലാതല നിർവ്വഹണ ഉദ്യോഗസ്ഥന്റെ പക്കൽ സൂക്ഷിച്ചിരിക്കുന്ന പഞ്ചായത്ത് ഫണ്ടിന്റെ വിവരം അറിയിക്കേണ്ടതാണ്.

## 1-19 ആദായ നികുതി ഈടാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം | 110/21 |
| പ്രോജക്ടിന്റെ പേര് | എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനീയർക്ക് വാഹനം ലഭ്യമാക്കൽ |
| അടങ്കൽ തുക | 400000 |
| ചെലവ് | 322000 |

പ്രസ്തുത പ്രോജക്ട് നിർവ്വഹണത്തിനായി ക്വട്ടേഷൻ നടപടിയിലൂടെ വാഹനസൗകര്യം ഏർപ്പെടുത്തുകയും ബിൽ പ്രകാരം 322000/- രൂപ ചെലവഴിച്ചിട്ടുമുണ്ട്. 1961-ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000/-രൂപയിൽ കൂടുതൽ പേമെന്റ് നടത്തുമ്പോൾ 1% തുക സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതുണ്ട്. എന്നാൽ ചെലവ് തുകയിൽ നിന്നും ആദായനികുതി ഈടാക്കി അടച്ചിട്ടില്ല. ഈ വിഷയംസംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.24/2022-ന് മറുപടിയായി തുക ബന്ധപ്പെട്ട വിതരണക്കാരിൽ നിന്ന് ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-20 രേഖകളുടെ അഭാവത്തിൽ തുക നൽകി 24000/- രൂപ തടസ്സപ്പെടുത്തുന്നു.

കൃഷിയിൽ ജനങ്ങളെ സഹായിക്കുന്നതിനും ഭക്ഷ്യക്ഷാമത്തിൽ നിന്ന് സംസ്ഥാനത്തെ രക്ഷിക്കുന്നതിനുമായി കേരള സർക്കാർ നടത്തുന്ന പദ്ധതിയാണ് സുഭിക്ഷ കേരളം. ഈ പദ്ധതിയുടെ സഹായത്തോടെ തരിശുഭൂമി കൃഷിയോഗ്യമായ ഭൂമിയാക്കി മാറ്റാനും സർക്കാർ തീരുമാനിച്ചു. പ്രസ്തുത പദ്ധതിപ്രകാരം ഗ്രാമപഞ്ചായത്തിലെ തരിശ് ഭൂമിയിൽ കിഴങ്ങുവർഗ്ഗവിളകൾ കൃഷിചെയ്യുവാൻ പദ്ധതി അംഗീകാരം വാങ്ങി നടപ്പിലാക്കി. 10 സെന്റ് ഭൂമി മുതൽ 2ഹെക്ടർ വരെ വിസ്തീർണമുള്ള ഭൂമിയിലെ

കൃഷികൾക്ക് (10സെന്റിന് 1200/-രൂപ)ആനുകൂല്യം നൽകാൻ തീരുമാനിച്ചു.

| | |
|---|---|
| പദ്ധതിയുടെ പേര് (പ്രോജക്ട് നമ്പർ-209/21) | സുഭിക്ഷകേരളം-ഇടവിള കൃഷി |
| അടങ്കൽ തുക | 900000/- |
| ചെലവ്തുക | 450000/- |
| നിർവഹണോദ്യോഗസ്ഥൻ | കൃഷി ആഫീസർ |

പദ്ധതി നടത്തിപ്പിലെ പ്രധാന അപാകങ്ങൾ.

1.ഗുണഭോക്താക്കൾ സമർപ്പിച്ച പാട്ടകൃഷിച്ചീട്ടിൽ വിവരിക്കുന്ന വസ്തുക്കളുടെ കരം തീർത്ത രസീതുകളുടെ കോപ്പി ഹാജരാക്കാത്തവർക്ക് ആനുകൂല്യം നൽകി.വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | ലഭിച്ച തുക | ബിൽ നമ്പർ | വസ്തുവിന്റെ വിവരം | റിമാർക്ക്സ് |
|---|---|---|---|---|
| ലളിത.പി. | 3000 | 8/21 തിയതി- 4-3-2021 | പാട്ടകൃഷിച്ചീട്ടിൽ വിവരിക്കുന്ന വസ്തു-60 സെന്റ്,രസീത് 3.60ആർ | |
| ശശിധരൻപിള്ള | 3600 | 8/21 തിയതി- 4-3-2021 | കരം അടച്ച രസീത് ഇല്ല. | |
| വാസുദേവൻ പിള്ള | 7800 | 8/21 തിയതി- 4-3-2021 | പാട്ടകൃഷിച്ചീട്ടിൽ വിവരിക്കുന്ന വസ്തുവിന്റെ രസീത് ഇല്ല. | |
| ഓംശ്രീ SLG | 6000 | 8/21 തിയതി- 4-3-2021 | മാണിക്കൽ ഗ്രാമപഞ്ചായത്തിന്റെ പുറംപോക്ക് വസ്തുവിൽ കൃഷി ചെയ്യുവെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. | കരം അടവാക്കിയ രസീത്, പഞ്ചായത്ത് പ്രസ്തുത SLG-യ്ക്ക് കൃഷി ചെയ്യുവാൻ അനുവദിച്ച രേഖ എന്നിവ ഹാജരാക്കിയിട്ടില്ല. |
| ജയഗോപാലൻ (ദർശിനി-SLG) | 6000 | 8/21 തിയതി- 4-3-2021 | ഓമനയമ്മ എന്നയാൾ 65 സെന്റ് ഭൂമി പാട്ടത്തിന് നൽകിയതായി രേഖപ്പെടുത്തി പാട്ടകൃഷിച്ചീട്ട് നൽകി. എന്നാൽ 6.70 ആർ വസ്തുവിന്റെ രസീത് മാത്രം ഹാജരാക്കി. | 6.70 ആർ വസ്തുവിന്റെ കരം അടച്ച രസീത് ഹാജരാക്കിയതിനാൽ ആകെ നൽകിയ തുകയിൽ നിന്നും 2400/-രൂപ കുറച്ച് 3600/-രൂപ തടസ്സപ്പെടുത്തുന്നു. |
| ആകെ | 26400/- | | | |

2. അപേക്ഷകളിൽ കൃഷിയ്ക്കായി ഉപയോഗിക്കുന്നുവെന്ന് വിവരിക്കുന്ന ഭൂമി തരിശ് ഭൂമിയായിരുന്നുവെന്നും, പ്രസ്തുത ഭൂമിയിൽ ആദ്യമായി കൃഷിചെയ്യുന്നുവെന്നും, കൃഷിചെയ്ത വിളകൾ ഏതെല്ലാമെന്നും കൃഷി ആഫീസർ സാക്ഷ്യപ്പെടുത്താതെയാണ് തുക അനുവദിച്ചത്. ആയതിനാൽ പ്രസ്തുത പദ്ധതി പൂർണമായും പ്രയോജനമായിയെന്ന് വിലയിരുത്താൻ സാധിച്ചിട്ടില്ല.

3.ധനസഹായം ലഭിച്ച ഓംശ്രീ SLG, ദർശിനി-SLG തുടങ്ങിയ സംഘങ്ങൾ പഞ്ചായത്തിലെ C.D.S-ൽ 2020-21-ൽ രജിസ്ട്രേഷൻ പുതുക്കിയിട്ടില്ലായെന്ന് C.D.S-കുടുംബശ്രീയിൽ നിന്നും ലഭ്യമാക്കിയ സാക്ഷ്യപത്രത്തിൽ നിന്നും വ്യക്തമാകുന്നു.

10സെന്റ് വസ്തുവിലെ കൃഷിക്ക് 1200/-രൂപ നിരക്കിൽ നൽകുന്ന പദ്ധതിയിൽമേൽ വിവരിച്ച അപാകങ്ങൾ ഉണ്ടായിരുന്നിട്ടും തുക കൈമാറിയതിനുള്ള വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പ് 29/2022 -ന് മറുപടി ലഭ്യമാക്കിയില്ല. പദ്ധതി നടത്തിപ്പിൽ കൃത്യമായ പരിശോധന ഇല്ലാതെയും,രേഖകളുടെ അഭാവത്തിലും നൽകിയ 24000/-രൂപ (ആകെ തുകയായ 26400/-രൂപയിൽ നിന്നും രേഖകൾ ഹാജരാക്കിയതിനാൽ അനുവദിക്കാവുന്ന 2400/-രൂപ കുറച്ച്) തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-21 ലൈഫ് ഭവനപദ്ധതി -അനർഹർക്ക് നൽകിയ തുക തിരിച്ച് പിടിക്കേണ്ടതാണ്.

പ്രോജക്ട് നം.204/21 (ലൈഫ് ഭവനപദ്ധതി)
അടങ്കൽ - 84701873/-
ചെലവ് - 11580000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ – 2

ലൈഫ് ഗുണഭോക്താവായ ശ്രീമതി പ്രസന്നകുമാരി 2018-ൽ ആദ്യഗഡുവായി 40000/-രൂപ കൈപ്പറ്റിയതായും അതിനുശേഷം ടിയാൾക്ക് 25സെന്റിലധികം വസ്തു കൈവശത്തിലുള്ളതായി തെളിഞ്ഞതിനാൽ അനർഹയാണെന്ന് കണ്ടെത്തിയതായും, ടിയാൾ കൈപ്പറ്റിയ തുക 12%പലിശ സഹിതം തിരികെ അടവാക്കാൻ നോട്ടീസ് നൽകിയതായും വി.ഇ.ഒ 13/22-നമ്പർ അന്വേഷണകുറിപ്പിന് നൽകിയ മറുപടിപ്രകാരം അറിയിച്ചു.അർഹതയുള്ള എല്ലാപേർക്കും ഭവനം എന്ന ആഗ്രഹം പൂർത്തീകരിക്കുവാൻ സർക്കാർ നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതിയിൽ അനർഹർ കടന്നുകൂടി ധനസഹായം കൈപ്പറ്റിയത് അംഗീകരിക്കുവുന്നതല്ലാത്തതിനാൽ അനർഹമായി നൽകിയ തുക 12%പലിശ സഹിതം തിരികെ ഈടാക്കുവാൻ പഞ്ചായത്ത് ഭരണസമിതി റവന്യൂറിക്കവറി നടപടി സ്വീകരിക്കേണ്ടതും തുടർനടപടി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-22 തുടർ വിദ്യാഭ്യാസ പരിപാടി-കോഴ്സ് പൂർത്തിയാക്കിയ രേഖകൾ ഹാജരാക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് നം. | 06/21 |
| പ്രോജക്ട് | തുടർ വിദ്യാഭ്യാസ പരിപാടി തുല്യത പരീക്ഷ |
| അടങ്കൽ | 50,000/- |
| ചെലവ് | 49,050/- |
| ബിൽ നം. | 03/20-21, 24050/- 20.02.21<br>04/20-21, 25000/-20.02.21 |

മേൽ പദ്ധതിക്കായി സാക്ഷരത മിഷന് നൽകിയ തുകയുടെ കൈപ്പറ്റ് രസീത്, പഠിതാക്കളുടെ രജിസ്ട്രേഷൻ ഫോം എന്നിവ ഹാജരാക്കിയിട്ടുണ്ട്. എന്നാൽ പഠിതാക്കൾ കോഴ്സ് പൂർത്തിയാക്കിയത് സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം-5/22-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പഠിതാക്കൾ കോഴ്സ് പൂർത്തിയാക്കിയത് സംബന്ധിയായ രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-23 വിവിധ വാർഡുകളിലെ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ-പദ്ധതി നിർവഹണത്തിലെ അപാകങ്ങൾ.

| | |
|---|---|
| പ്രോജക്ട് നമ്പർ | 233/21 |
| പ്രോജക്ടിന്റെ പേര് | വിവിധ വാർഡുകളിലെ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ |
| അടങ്കൽ | 7172550/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 7172550/- (ബിൽ നം.21/18.03.2021) |
| നിർവ്വഹണം | സെക്രട്ടറി |

വിവിധ വാർഡുകളിലെ കുടിവെള്ള പൈപ്പ് ലൈൻ നീട്ടുന്നതിനായി ടി ബിൽ പ്രകാരം കേരള വാട്ടർ അതോറിറ്റിയ്ക്ക് 7172550/-രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. സെക്രട്ടറി നിർവഹണാദ്യോഗസ്ഥനായ ടി പ്രോജക്ടിന്റെ നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1.കേരള വാട്ടർ അതോറിറ്റിയുമായി കരാർ ചമയ്ക്കാതെയാണ് ഡെപ്പോസിറ്റ് നൽകിയിട്ടുള്ളത്.

2.പദ്ധതി പൂർത്തിയായത് സംബന്ധിച്ച് പൂർത്തികരണ സർട്ടിഫിക്കറ്റ് ,വിനിയോഗ സാക്ഷ്യപത്രം,ബില്ലുകൾ എന്നിവ ഹാജരാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് 22-6-22-ൽ നൽകിയ 6/22 നമ്പർ ഓഡിറ്റ് അന്വേഷണകുറിപ്പിന് വിനിയോഗ സാക്ഷ്യപത്രത്തിനായി കേരള വാട്ടർ അതോറിറ്റിയ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചു. വിനിയോഗ സാക്ഷ്യപത്രത്തിനോടൊപ്പം ടി പ്രോജക്ടിന്റെ വർക്ക് ബില്ലുകളും ഹാജരാക്കാൻ കേരള വാട്ടർ അതോറിറ്റിയ്ക്ക് കത്ത് നൽകേണ്ടതും, ചെലവാകാതെ അവശേഷിക്കുന്ന തുക സർക്കാരിൽ തിരികെ ഒടുക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-24 തെരുവ് വിളക്ക് പരിപാലനം- പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | 222/2021 |
| പ്രോജക്ടിന്റെ പേര് | തെരുവ് വിളക്ക് പരിപാലനം |
| അടങ്കൽ | 1590000/- (തനത് ഫണ്ട്) |
| ചെലവ് | 1554427/- |
| നിർവ്വഹണം | സെക്രട്ടറി |

മാണിക്കൽ ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്ക് പരിപാലനത്തിനായി മുൻവർഷം കരാർ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്തിട്ടുള്ള ഇലക്ട്രീഷ്യൻ കം ഡ്രൈവർമാരായ ശ്രീ.മനോജ്, ശ്രീ.ബിനുമോൻ എന്നിവരുമായി പഞ്ചായത്ത് 01.11.2019-ൽ ഒപ്പ് വച്ചിട്ടുള്ള കരാർ കാലാവധി 30.12.2020-ൽ അവസാനിച്ച സാഹചര്യത്തിൽ ഒരു വർഷത്തേയ്ക്ക് കൂടി കരാർ കാലാവധി 21.01.2021- ലെ 1(21)-ാം നമ്പർ തീരുമാനപ്രകാരം നീട്ടി നല്കിയതായി കാണുന്നു. കരാർ പ്രകാരം പ്രവ്യത്തി എടുക്കുന്ന ഓരോ ദിവസത്തിനും 700/- രൂപ നിരക്കിൽ ആണ് വേതനം. ഇത് കൂടാതെ വാഹന വാടക ഇനത്തിൽ പ്രതിമാസം 10500/- രൂപയും കരാർ തൊഴിലാളികൾക്ക് നല്കി വരുന്നു. പ്രസ്തുത പ്രോജക്ട് പ്രകാരം യുണൈറ്റഡ് ഇലക്ട്രിക്കൽസിൽ നിന്നും തെരുവ് വിളക്കുകൾ വാങ്ങിയ വകയിൽ 976227/- രൂപയും, വണ്ടിവാടക ഇനത്തിൽ (10500*12) 126000/- രൂപയും, ദിവസക്കൂലി ഇനത്തിൽ (323 ദിവസം* രൂപ 700*2) 452200/- രൂപയും ഉൾപ്പെടെ ആകെ 1554427/- രൂപ ചെലവിട്ടു. പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. മത്സരാധിഷ്ഠിത ടെണ്ടർ/ ക്വട്ടേഷൻ സാധ്യതകൾ പരിശോധിക്കാതെയാണ് കരാർ പുതുക്കി നല്കിയത്.

2. വണ്ടി വാടക ഇനത്തിൽ പ്രതിമാസം 10500/- രൂപ നല്കി വരുന്നു. എന്നാൽ, ഇക്കാര്യത്തിൽ വാഹന ഉടമയുമായി കരാർ വച്ചിട്ടില്ല. കരാറിന്റേയോ, ട്രിപ്പ് ഷീറ്റിന്റേയോ അടിസ്ഥാനത്തിൽ അല്ലാതെ പ്രതിമാസം 10500/- രൂപ നല്കി വരുന്നു.

3. ദൈനംദിനം ചെയ്ത ജോലികൾ രേഖപ്പെടുത്തുന്നില്ല.

4. കരാർ തുകയിൽ നിന്നും ആദായ നികുതി ഈടാക്കുന്നില്ല.

ഇത് സംബന്ധിച്ച് 27.06.2022-ന് നൽകിയ 26-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് നൽകിയ മറുപടിയിൽ പ്രസ്തുത കരാർ ജീവനക്കാരുടെ അനുഭവ പരിചയവും കഴിവും പരിഗണിച്ച് കരാർ കാലാവധി നീട്ടി നല്കുകയായിരുന്നെന്നും, പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015-ലെ ഉത്തരവ് നമ്പർ ജി2- 44274/2015 പ്രകാരമുള്ള മാർഗ്ഗരേഖ പ്രകാരം ഇലക്ട്രീഷ്യന് അനുവദനീയമായ ദിവസവേതന നിരക്കായ 700/- രൂപയാണ് നല്കി വരുന്നതെന്നും, ദൈനംദിനം മാറ്റിസ്ഥാപിക്കുന്ന തെരുവ് വിളക്കുകളുടെ വിവരം ഇനി മുതൽ എഴുതി സൂക്ഷിക്കുന്നതാണെന്നും, ആദായ നികുതി വരും വർഷങ്ങളിൽ ഈടാക്കുന്നതാണെന്നും അറിയിക്കുകയുണ്ടായി.

പഞ്ചായത്തിന്റെ സാമ്പത്തിക താല്പര്യങ്ങൾ സംരക്ഷിക്കുന്നതിലേക്കായി മത്സരാധിഷ്ഠിത ടെണ്ടർ/ ക്വട്ടേഷൻ സാധ്യതകൾ പരിശോധിക്കേണ്ടതും കരാറുകാർ ദൈനംദിനം മാറ്റുന്ന തെരുവ് വിളക്കുകളുടെ വിവരം രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതും, ആദായ നികുതി നിയമങ്ങൾ പ്രകാരമുള്ള നിരക്കിൽ കരാർ തുകയിൽ നിന്നും ആദായ നികുതി ഈടാക്കേണ്ടതുമാണ്.

## 1-25 ജലജീവൻ മിഷൻ -പഞ്ചായത്ത് വിഹിതം ഒടുക്കിയതിന്റെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 220/21 (ജലജീവൻ പദ്ധതിക്ക് തുക കൈമാറൽ) |
| അടങ്കൽ തുക | 535000/- (വികസന ഫണ്ട് -ജനറൽ) |
| ചെലവ് | 535000/- |
| ബിൽ നമ്പർ | 18തിയതി.23-1-21. |
| നിർവ്വഹണം | സെക്രട്ടറി |

വാട്ടർ അതോറിറ്റി-ജലജീവൻ മിഷൻ പദ്ധതി പ്രകാരം മാണിക്കൽ ഗ്രാമപഞ്ചായത്തിലെ ഗാർഹിക കുടിവെള്ള കണക്ഷനുകൾക്കായി 149ലക്ഷം രൂപ അടങ്കലിൽ കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയ പദ്ധതിയുടെ 45% കേന്ദ്രവിഹിതവും 30% സംസ്ഥാന സർക്കാർ വിഹിതവും 15%ഗ്രാമപഞ്ചായത്ത് വിഹിതവും 10% ഗുണഭോക്തൃവിഹിതവും ആണ് വിഭാവന ചെയ്തിട്ടുള്ളത്. ഇതിൽ ഗ്രാമപഞ്ചായത്ത് വിഹിതമായ 15% (2235000)രൂപ ഒടുക്കുവാൻ കേരള വാട്ടർ അതോറിറ്റി

എക്സി.എൻജിനിയർ 29-9-2020-ൽ പഞ്ചായത്തിനോട് ആവശ്യപ്പെട്ടു. ഒപ്പം ഗുണഭോക്തൃ വിഹിതവും ഒടുക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുവാനും പഞ്ചായത്തിനോട് ആവശ്യപ്പെട്ടിരുന്നു.

എന്നാൽ 21-1-21-ലെ 1(6)നമ്പർ കമ്മിറ്റി തീരുമാനപ്രകാരം ടി പദ്ധതിയ്ക്കായി 535000/-രൂപ വകയിരുത്തുകയും, ടി ബിൽപ്രകാരം തുക കേരള വാട്ടർ അതോറിറ്റിയ്ക്ക് നൽകുകയും ചെയ്തു. ഗുണഭോക്തൃവിഹിതം പിരിച്ചെടുത്തതായോ, വാട്ടർ അതോറിറ്റിയിൽ ഒടുക്കിയതായോ കാണുന്നില്ല, പദ്ധതിയുടെ പുരോഗതി സംബന്ധിച്ചും, നാളിതുവരെ എത്ര കണക്ഷൻ നൽകി, ഒടുക്കിയ തുകയുടെ വിനിയോഗസാക്ഷ്യപത്രം എന്നീ വിവരങ്ങൾ ആവശ്യപ്പെട്ടും 22-6-22-ൽ നൽകിയ 8-ാം നമ്പർ അന്വേഷണകുറിപ്പിന് നൽകിയ മറുപടിയിൽ ജല ജീവൻ മിഷൻ പദ്ധതിപ്രകാരം കണക്ഷൻ ലഭ്യമാക്കുന്നതിന് 582 ഗുണഭോക്താക്കളുടെ ലിസ്റ്റ് കേരള വാട്ടർ അതോറിറ്റിയ്ക്ക് ലഭ്യമാക്കിയെന്നും എന്നാൽ എത്രപേർക്ക് കണക്ഷൻ നൽകിയെന്ന് സംബന്ധിച്ചോ, പദ്ധതിയുടെ പുരോഗതി സംബന്ധിച്ചോ യാതൊരു വിവരങ്ങളും ജല ജീവൻ മിഷനിൽ നിന്നും ലഭിച്ചിട്ടില്ലായെന്നും ഗുണഭോക്തൃവിഹിതം പഞ്ചായത്ത് പിരിച്ച് ഒടുക്ക് വരുത്തിയിട്ടില്ലായെന്നും അറിയിക്കുകയുണ്ടായി. ഗുണഭോക്താക്കളെ സംബന്ധിച്ച വിവരം ലഭ്യമാക്കാത്തതിനാൽ ആണ് ഗുണഭോക്തൃവിഹിതം ഈടാക്കി ഒടുക്കാത്തതെന്നും അറിയിച്ചു. ജല ജീവൻ മിഷനുമായി ബന്ധപ്പെട്ട് പദ്ധതിയുടെ പുരോഗതി ആരായേണ്ടതും ഒടുക്കുതുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 3627109 (1737026 മുന്നിരിപ്പ് + 1890083) | ന്യൂലൈഫ്- പട്ടികജാതി കോളനി നവീകരണം | 100000 | 1577026 |
| | | | ന്യൂലൈഫ്- പട്ടികജാതി കോളനി നവീകരണം | 300000 | |
| | | | സ്നേഹസ്പർശം- മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 442500 | |
| | | | ലൈഫ് ഭവന പദ്ധതി | 160000 | |
| | | | ലൈഫ് ഭവന പദ്ധതി- എസ് സി വകുപ്പ് കണ്ടെത്തിയ ഗുണഭോക്താക്കൾക്ക് തുക നൽകൽ | 480000 | |
| | | | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 450000 | |
| | | | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 117583 | |

| | | | | | |
|---|---|---|---|---|---|
| | | | ആകെ | 2050083 | |
| ജില്ലാ പഞ്ചായത്ത് | 2020-21 | 4414820 (479764 മുന്നിരിപ്പ് + 3935056 | ലൈഫ് ഭവന പദ്ധതി | 3240000 | 479764 |
| | | | സ്നേഹസ്പർശം- മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 550500 | |
| | | | ജലശ്രീ- കിണർ റീച്ചാർജിംഗ് | 7200 | |
| | | | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 62956 | |
| | | | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 74400 | |
| | | | ആകെ | 3935056 | |

## 4-2 നിക്ഷേപ പ്രവർത്തികൾക്കു നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നമ്പർ | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുന്നിരിപ്പ് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 1 | കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 1312900 | 7707550 | - | 9020450 |
| 2 | കെ.എസ്.ഇ.ബി. | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 0 | 137792 | - | 137792 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

സ്ഥാപനം ലഭ്യമാക്കിയ പത്രിക പ്രകാരം 1438198/- രൂപ മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ നൽകിയതായി അറിയിച്ചിട്ടുണ്ട്.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വായ്പ | വർഷാരംഭത്തിൽതിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം ലഭിച്ച തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി (HUDCO) | ജി.ഒ.(സാധാ)43/20 തീയതി 01.01.2021 | 61905935 | 7160000 | 6029333 | | 63036602 |

## 4-5 സ്ഥിരനിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| ഓഡിറ്റ് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം./തീ. |
|---|---|---|---|---|
| 2016-17 | 3-6 (1), 3-6 (2) | 32434 | ശ്രീമതി രശ്മി പി നായർ, അസി.എൻജിനീയർ | 1200105219 തീ.18.03.21 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഇല്ല

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 4,84,77,785 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 13,01,78,091 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 15,43,26,052 |
| നീക്കിയിരിപ്പ് | 2,43,29,824 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,07,955 |

(ബി). പഞ്ചായത്ത്ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 83,955 | ഡോ ഹീര ജ്യോതിസ്, മെഡിക്കൽ ഓഫീസർ (പി എച്ച് സി) |
| 1-20 | 24,000 | ശ്രീമതി പമീല വിമൽരാജ്, കൃഷി ഓഫീസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളാ യവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരമേൽവിലാസം |
|---|---|---|
| ഡോ ഹീര ജ്യോതിസ്, മെഡിക്കൽ ഓഫീസർ (പി എച്ച് സി) | മെഡിക്കൽ ഓഫീസർ (പി എച്ച് സി) | ജ്യോതിസ്, തൈക്കാട്, പിരപ്പൻകോട് |
| ശ്രീമതി പമീല വിമൽരാജ്, കൃഷി ഓഫീസർ | കൃഷി ഓഫീസർ | രാജ്ഭവൻ-43, കമലേശ്വരം, തിരുവനന്തപുരം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനുള്ള ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2002-03 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.10/936/18 തീയതി 18-07-18 | 2 |
| 2005-06 | | 6 |
| 2006-07 | | 4 |
| 2007-08 | | 5 |
| 2008-09 | | 3 |
| 2009-10 | | 18 |
| 2010-11 | | 34 |
| 2011-12 | | 11 |
| 2012-13 | | 2 |
| 2013-14 | | 3 |
| 2014-15 | | 3 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/1/934/16 | 10 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1661/17 | 4 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/2626/18 തീയതി.11.02.2019 | 18 |
| 2018-19 | നം.കെ.എസ്.എ.റ്റി.വി.എം/ജി.പി.10/319/2020 തീയതി.29.4.2020 | 21 |
| 2019-20 | നം. കെ.എസ്.എ.റ്റി.വി.എം/ജി.പി.10/522/2021 തീയ്യതി: 17/03/2021 | 40 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ മാണിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ മാണിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്